# ദി ഡിഫെൻഡർ

Vol. No. 11 Issue No. 21 RNI Reg. No. 68089 / 97 Published From Perumbavoor 2008 November 1 Price: Rs.100/- P.A.

## വൽസനും കെ.സിയും രഹസ്യ ധാരണയിൽ





ഐ.പി.സിയിലെ ഗ്രൂപ്പ് ലീഡർമാരായ കെ.സി.ജോണും വൽസനും രഹസ്യ ധാരണയിൽ എത്തി. പരസ്പരം മത്സരിക്കുന്നത് ഇരുവർക്കും ദോഷമേ ഉണ്ടാക്കൂ എന്ന തിരിച്ചറിവാണ് ഈ അപ്രതീക്ഷിത ഐക്യത്തിനു വഴിവച്ചത്. ഇവരെ ആശ്രയിച്ചു നിൽക്കുന്ന ശിങ്കിടികൾ വഴിയാധാരമായി എന്നതാണ് ഈ ഐക്യത്തിന്റെ വിപരീതഫലം.

കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് കെ.സിയും വൽസനും ജനറൽ സെക്രട്ടറി സ്ഥാനത്തിനായി പരസ്പരം പോരടിക്കാൻ ഗോദായിൽ ഇറങ്ങിയതാണ്. അതോടെ രണ്ടിൽ ഒരാളുടെ തോൽവി ഉറപ്പായി. ഒടുവിൽ മത്സരം ഒഴിവാക്കാൻ ഒരു ഫോർമുല കണ്ടെത്തി. കെ.സി.ജോൺ പ്രസിഡന്റാകുക. അങ്ങനെ പ്രശ്നം പരിഹരിച്ചു. അടുത്ത തെരഞ്ഞെടുപ്പിലും മത്സരം ഒഴിവാക്കാനും നിലവിലുള്ള സ്ഥിതി തുടരാനുമാണ് ഇപ്പോൾ ധാരണയായിരിക്കുന്നത്.

ഇത്തരം ഒരു തീരുമാനത്തിലേക്ക് എത്തിച്ചേരാൻ കെ.സിയെ പ്രേരിപ്പിച്ചത് ഈയിടെ വൽസൻ നടത്തിയ ചില നീക്കങ്ങളാണ്. സുവിശേഷപ്രചരണത്തിനായി ഒരു ചാനൽ തുടങ്ങാൻ വൽസൻ ആലോചിക്കുന്നതായി കെ.സി.ജോൺ അറിഞ്ഞു. അങ്ങനെയൊരു ചാനൽ ഉണ്ടായാൽ അതോടെ കെ.സിയുടെ ചാനൽ കട്ടപ്പോഹയാകും. അതു തടഞ്ഞേ മതിയാകൂ. അതിനുള്ള മാർഗ്ഗം എന്ന നിലയ്ക്കാണ് കെ.സി.ജോൺ വൽസനുമായി ധാരണയിലെത്തിയത്. ആദ്യമൊന്നും വൽസൻ വഴങ്ങിയില്ല. പക്ഷേ കെ.സിയുടെ നിർബ്ബന്ധം സഹിക്കവയ്യാതായപ്പോൾ ഒത്തുതീർപ്പിന് സമ്മതിക്കയായിരുന്നു.

കെ.സി.ജോണും വൽസനും എല്ലാ രംഗങ്ങളിലും സഹകരിച്ചു പ്രവർത്തിക്കും എന്നതാണ് പ്രധാന ധാരണ. പരസ്പരമുള്ള മത്സരങ്ങളെല്ലാം ഒഴിവാക്കും. എല്ലാ പ്രശ്നങ്ങളും പരസ്പരം ചർച്ചചെയ്ത് തീരുമാനിക്കും. മൂന്നാമതൊരാൾ നേതൃസ്ഥാനത്തേക്ക് ഉയർന്നു വരുന്നത് തടയാൻ ആവശ്യമായതെല്ലാം ചെയ്യും. ചവർ ചാനലിൽ വൽസന് മാന്യമായ പദവി നൽകും. വൽസന്റെ പരിപാടികൾ കെ.സിയുടെ പരിപാടികൾക്കു നൽകുന്ന പരിഗണനയോടെ സംപ്രേക്ഷണം ചെയ്യും. ഇരുവരും സഹകരിച്ച് ഒരു പെന്തക്കോസ്ത് ദിനപ്പത്രം തുടങ്ങും. രാഷ്ട്രീയക്കാരെ വരുതിക്കു നിർത്താനും അവരുടെ സഹായത്തോടെ നേട്ടങ്ങൾ ഉണ്ടാക്കാനും ഇതു സഹായകമാകും. ഇങ്ങനെ പോകുന്നു തീരുമാനങ്ങൾ.

അതീവ രഹസ്യമായി എടുത്ത ഈ തീരുമാനങ്ങൾ അധികമാരും അറിഞ്ഞിട്ടില്ല. കെ.സിയുടെയോ വൽസന്റെയോ പക്ഷം പിടിച്ച് അടുത്ത തെരഞ്ഞെടുപ്പിൽ നേട്ടങ്ങളുണ്ടാക്കാൻ പദ്ധതിയിടുന്നവർ ഈ വാർത്ത അറിയുമ്പോൾ ബോധംകെട്ടു വീഴാതിരുന്നാൽ ഭാഗ്യം. പെന്തക്കോസ്ത് ദിനപ്പത്രത്തിന്റെ പത്രാധിപർ ആരായിരിക്കും? പറയാറായിട്ടില്ല.

## കെ.ജെ.മാത്യുവിന് എന്തുപറ്റി?



അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതൃസ്ഥാനത്തുള്ളവരിൽ ദൈവദാസൻ എന്ന പേരിന് യോഗ്യനായ ഒരാളേയുള്ളൂ: കെ.ജെ.മാത്യു. വ്യഭിചാരിയല്ല, അധികാരമോഹിയല്ല, ദ്രവ്യാഗ്രഹിയല്ല, ദുരുപദേശക്കാരനല്ല, അഹങ്കാരിയല്ല, ചതിയനല്ല തുടങ്ങി പലതും കെ.ജെ.മാത്യുവിനേക്കുറിച്ചു പറയുവാൻ കഴിയും. അതുകൊണ്ടാണ് ഡിഫെൻഡർ നാളിതുവരെ കെ.ജെ.മാത്യുവിനെ വിമർശിക്കാതിരുന്നത്. പക്ഷേ കെ.ജെ.മാത്യുവിനെ വിലയിരുത്തുന്നതിൽ ഡിഫെൻഡറിനു തെറ്റു പറ്റിയോ എന്ന് ബലമായി സംശയിക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്.

ടി.ജെ.ശാമുവലിന്റെ നേതൃത്വത്തിലുള്ള എ.ജി ഇപ്പോൾ കള്ളൻമാരുടെ ഗുഹയായിക്കഴിഞ്ഞു എന്ന വസ്തുത ഏവർക്കും അറിവുള്ളതാണ്. എ.ജി.യെ നിയന്ത്രിക്കുന്ന അഞ്ചംഗ 'ലക്ഷ്മിക്കുട്ടി' കമ്മറ്റിയിൽ കെ.ജെ.മാത്യുവും ഉണ്ട്. മാത്രമല്ല, അധികാരം വച്ചു പറഞ്ഞാൽ കെ.ജെ.മാത്യു എ.ജിയിലെ രണ്ടാമനുമാണ്. ഭൂരിപക്ഷ തീരുമാനപ്രകാരമാണ് കാര്യങ്ങൾ നടക്കുന്നത് എന്നു വാദിച്ചാലും കെ.ജെ.മാത്യു ശക്തമായി എതിർത്താൽ അത് എ.ജിയുടെ തീരുമാനങ്ങളെ സ്വാധീനിക്കും. കെ.ജെ.മാത്യുവിന്റെ നിലപാടുകളെ അവഗണിച്ചുകൊണ്ട് ടി.ജെ.ശാമുവൽ പോലും ചുവടുവയ്ക്കില്ല. കെ.ജെ മാത്യുവിന് എ.ജിയിൽ എത്രത്തോളം ശക്തിയുണ്ടെന്നു വ്യക്തമാക്കാനാണ് ഇത്രയും വിശദീകരിച്ചത്. പക്ഷേ കഴിഞ്ഞ ചില മാസങ്ങളായി എ.ജിയിൽ നടന്നുവരുന്ന തോന്ന്യാസങ്ങൾക്കെതിരെ കെ.ജെ.മാത്യു വായ് തുറക്കുകപോലും ചെയ്തിട്ടില്ല. എന്തുകൊണ്ട്? അതിനുള്ള മറുപടി പറയേണ്ടത് കെ.ജെ.മാത്യു തന്നെയാണ്.

കെ.ജെ.മാത്യുവിന്റെ മൗനത്തിന് ഡിഫെൻഡർ കാണുന്ന പ്രധാന കാരണം കെ.ജെ.മാത്യു ഏറെ മാറിയിരിക്കുന്നു എന്നതാണ്. പഴയ കെ.ജെ.മാത്യുവല്ല ഇപ്പോഴത്തെ കെ.ജെ.മാത്യു. അധികാരത്തിന്റെ മത്ത് തലയ്ക്കു പിടിച്ചാൽ ആരും മാറിപ്പോകും. കെ.ജെ.മാത്യുവിനു സംഭവിച്ചിരിക്കുന്നതും അതുതന്നെ. അടുത്ത തെരഞ്ഞെടുപ്പിൽ ടി.ജെ.ശാമുവലിന് സുപ്രണ്ടായി മത്സരിക്കാൻ പറ്റില്ല. ടി.ജെയെ പിണക്കാതിരുന്നാൽ ടി.ജെയുടെ സപ്പോർട്ടോടെ കെ.ജെ.മാത്യുവിന് സൂപ്രണ്ടാകാം. അതുതന്നെ കാരണം.

ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും എന്നു കേട്ടിട്ടുണ്ട്. കെ.ജെ.മാത്യുവിന്റെ കാര്യത്തിൽ അതു തികച്ചും ശരിയാണ്. മഹാവിശുദ്ധനും പരമ പുണ്യാളനുമായി അഭിനയിച്ച് ഇദ്ദേഹം സകലരേയും വഞ്ചിക്കയാണ്. ഇദ്ദേഹത്തിന്റെ എളിമകണ്ട് ഡിഫെൻഡർ പോലും തെറ്റിദ്ധരിച്ചു.

## ഒ.എം.രാജുക്കുട്ടി ഭീഷണിയുമായി രംഗത്ത്



ഡബ്ലിയു.എം.ഇ സഭയുടെ മറവിൽ ഒ.എം.രാജുക്കുട്ടി നടത്തുന്ന തട്ടിപ്പുകൾ ഡിഫെൻഡർ പുറത്താക്കിയതോടെ രാജുക്കുട്ടി ഭീഷണിയുമായി രംഗത്തെത്തിയിരിക്കുന്നു. അമേരിക്കൻ പര്യടനം നടത്തിവരുന്ന രാജുക്കുട്ടി കേരളത്തിലുള്ള ശിങ്കിടികളിലൂടെയാണ് ഭീഷണി മുഴക്കുന്നത്. ഡിഫെൻഡറിൽ വാർത്ത വന്നതോടെ രാജുക്കുട്ടിക്ക് അമേരിക്കയിൽ പ്രോഗ്രാം വളരെ കുറഞ്ഞു. ലഭിക്കുന്ന പ്രോഗ്രാമുകളിൽ വളരെക്കുറച്ച് ആളുകൾ മാത്രമേ പങ്കെടുക്കുന്നുമുള്ളൂ. എങ്ങനെയെങ്കിലും ഡിഫെൻഡറിന്റെ വായ് അടച്ചില്ലെങ്കിൽ സകല തട്ടിപ്പും പൊളിയും. അതുകൊണ്ടാണ് ധൃതിവച്ച് രാജുക്കുട്ടി ഭീഷണിവ്യവസായം തുടങ്ങിയത്.

ഒക്ടോബർ ഒന്നിന് ഇറങ്ങിയ ഡിഫെൻഡറിലാണ് ആദ്യമായി രാജുക്കുട്ടിയേക്കുറിച്ചു വാർത്ത വന്നത്. യഥാർത്ഥ ഡബ്ലിയു.എം.ഇ എന്ന് തോന്നത്തക്കവിധം രാജുക്കുട്ടി ഡൂപ്ലിക്കേറ്റ് ഡബ്ലിയു.എം.ഇ രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ടുള്ള എല്ലാ വിശദാംശങ്ങളും എഴുതിയിരുന്നു. ഒരുവട്ടം എഴുതിയിട്ട് ഡിഫെൻഡർ ആ വാർത്ത വിട്ടുകളയുമെന്നും തനിക്ക് മൃഷ്ടാന്നമായി തട്ടിപ്പു തുടരാമെന്നുമാണ് രാജുക്കുട്ടി കരുതിയത്. അതുകൊണ്ട് രാജുക്കുട്ടി ഈ വാർത്ത കണ്ടതായിപ്പോലും ഭാവിച്ചില്ല. പക്ഷേ ഡിഫെൻഡർ ഒരു വിഷയത്തേക്കുറിച്ച് എഴുതാൻ തുടങ്ങിയാൽ അതിന്റെ എല്ലാ വിശദാംശങ്ങളും എഴുതിയശേഷം മാത്രമേ പരിപാടി അവസാനിപ്പിക്കൂ എന്ന വസ്തുത രാജുക്കുട്ടിക്ക് അറിഞ്ഞുകൂടാ.

ഒക്ടോബർ 16 ലക്കത്തിൽ വീണ്ടും വാർത്ത വന്നതോടെ രാജുക്കുട്ടി ശരിക്കും കുഴഞ്ഞു. ഡിഫെൻഡറിനെ ഒതുക്കിയില്ലെങ്കിൽ എല്ലാം തകരുമെന്നു വ്യക്തമായി. അങ്ങനെ കരിയംപ്ലാവിൽ വിവരമറിയിച്ചു.

രാജുക്കുട്ടിക്കു പിന്നിൽ ഒരു ഗുണ്ടാപ്പടയുണ്ടെന്നും അതുകൊണ്ട് സൂക്ഷിക്കണമെന്നും ചില സുഹൃത്തുക്കൾ ഡിഫെൻഡറിനെ അറിയിച്ചിരുന്നു. അതു സത്യമെന്നുതെളിഞ്ഞു. ഒക്ടോബർ 26 (ഞായർ) വൈകിട്ട് 7.45 ആയപ്പോൾ റ്റി. എസ്.ബാലന്റെ 9447414608 എന്ന നമ്പറിൽ ഒരാൾ വിളിച്ചു. 9495048580 എന്ന നമ്പറിൽ നിന്നാണ് വിളി വന്നത്. ആരാണു വിളിക്കുന്നതെന്നു പറഞ്ഞില്ല. ഡിഫെൻഡറിനു വിവരംതന്ന ആൾ ഇയാളോട് എന്തൊക്കെയോ പറഞ്ഞെന്നും അതിന് ഇയാൾക്കുള്ള മറുപടി ഇതാണ് എന്നും മറ്റുമാണ് പറയാൻ ശ്രമിച്ചത്. വല്ലവനും പറഞ്ഞതിന്റെ മറുപടി അതു പറഞ്ഞവനോടു പറഞ്ഞാൽ മതിയെന്നു പറഞ്ഞിട്ട് ഈ ചങ്ങാതി സമ്മതിച്ചില്ല. ഡിഫെൻഡറിനു വിവരം തന്നത് ആരാണെന്നു കണ്ടുപിടിക്കാനുള്ള തന്ത്രമാണ് ഈ വിദ്വാൻ പയറ്റിയത്. പക്ഷേ തന്റെ ഉദ്ദേശ്യം നടപ്പിലാകില്ല എന്നു വ്യക്തമായതോടെ ഇവൻ ഭീഷണിയിലേക്കു കടന്നു. ഭീഷണിയുമായി വരുന്നവർക്ക് ഏതു വിധത്തിലുള്ള മറുപടി കൊടുക്കണമെന്ന് ഡിഫെൻഡറിന് നന്നായറിയാം. ആ മറുപടിയുടെ ഒരു ഡോസ് കൊടുത്ത് ഇയാളെ ഒഴിവാക്കി. പക്ഷേ ഭീഷണി തീർന്നില്ല. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ രാജുക്കുട്ടിയുടെ ഒരു ശിങ്കിടി വിളിച്ചു. 9947190682 എന്ന നമ്പറിൽ നിന്നാണ് ഇത്തവണ വിളി വന്നത്. വ്യാജ ഡബ്ലിയു.എം.ഇ ഉണ്ടാക്കാൻ ഇടയായ സാഹചര്യത്തേക്കുറിച്ചാണ് ഇയാൾക്കു പറയാനുണ്ടായിരുന്നത്. സാഹചര്യം എന്തു തന്നെ ആയാലും സംഗതി വ്യാജനാണ് എന്ന വസ്തുത നിലനിൽക്കുന്നു. അതുകൊണ്ട് ഹിസ്റ്ററിയും ജ്യോഗ്രഫിയും മറ്റും പറയേണ്ടതില്ല എന്നു പറഞ്ഞതോടെ ഇയാളും ചൂടായി. ഡിഫെൻഡർ ഇതൊക്കെ എഴുതുന്നത് പണത്തിനു വേണ്ടിയാണ് എന്നു വരുത്തി തീർക്കാനായി തുടർന്നുള്ള ശ്രമം. ഈ വിദ്യ ഡിഫെൻഡർ ഏറെ കണ്ടിട്ടുള്ളതാണ്. ഏതായാലും ഈ വിദ്വാനും അർഹിക്കുന്ന മറുപടി കൊടുത്ത് ഫോൺ വച്ചു.

പിന്നെ ഭീഷണികളുടെ ഒരു പ്രളയംതന്നെ ഉണ്ടായി. 27ന് വൈകിട്ട് 6.45ന് 04735325647 എന്ന നമ്പറിൽ നിന്നു രണ്ടുവട്ടം വിളിവന്നു. ഇയാൾ തന്നെ വീണ്ടും 9947054861 എന്ന നമ്പറിൽ നിന്നു വിളിച്ചു. ബാലനേയും മകനേയും തട്ടിക്കളയും എന്ന സന്തോഷവാർത്തയാണ് ഇയാൾക്കു പറയാനുണ്ടായിരുന്നത്. രാത്രി 8.10 ആയപ്പോൾ 9947055920 എന്ന നമ്പറിൽ നിന്നും ഭീഷണിയെത്തി. 28-ാം തീയതി വൈകിട്ട് അഞ്ചുമണി കഴിഞ്ഞപ്പോൾ പാമ്പാടിയിൽ നിന്നു വിളിക്കുന്നു എന്നു പറഞ്ഞ് 04692689252 എന്ന മ്പറിൽ നിന്ന് ഭീഷണിയുണ്ടായി. പ്രസന്നകുമാർ, പുതുപ്പറമ്പിൽ ബിൽഡിംഗ്, വായ്പ്പൂർ എന്ന ആളുടേതാണ് ഫോൺ. അങ്ങനെ ഭീഷണി തുടരുന്നു.

ദി ഡിഫെൻഡർ

Vol. No.11 Issue No. 21 2008 November 1

# അപകടകരമായ നിസംഗത

പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തു നിൽക്കണം എന്നാണ് ദൈവവചനം പറയുന്നത്. പക്ഷേ പെന്തക്കോസ്ത് പത്രങ്ങൾ കുറഞ്ഞ പക്ഷം 'പരസ്യത്യാഗത്തോളം' എങ്കിലും എതിർത്തു നിന്നിരുന്നെങ്കിൽ പെന്തക്കോസ്തിന്റെ മുഖഛായതന്നെ മാറുമായിരുന്നു. വിശദീകരിക്കാം.

പെന്തക്കോസ്ത് നേതാക്കൻമാരിൽ ഭൂരിപക്ഷവും ദുർമ്മാർഗ്ഗികളാണെന്ന് ഈ പത്രാധിപൻമാർക്കെല്ലാം നന്നായറിയാം. എങ്കിലും അവർ ഈ വസ്തുത പരസ്യമായി അംഗീകരിക്കയില്ല. ഒരു പെന്തക്കോസ്ത് പത്രാധിപരുടെ ഭാര്യയെ പ്രമുഖനായ ഒരു പെന്തക്കോസ്ത് നേതാവ് ബലാൽസംഗം ചെയ്യാൻ ശ്രമിച്ച കഥ ഈ പത്രാധിപർതന്നെ തന്റെ സ്വകാര്യ സംഭാഷണങ്ങളിൽ വെളിപ്പെടുത്തിയിട്ടുള്ളതാണ്. പക്ഷേ ഇതേ നേതാവിനെ ഇപ്പോൾ പെന്തക്കോസ്തിന്റെ പ്രതീകമായി ഉയർത്തിക്കാട്ടാൻ ഏറ്റവും അധികം പാടുപെടുന്നതും ഈ പത്രാധിപർ തന്നെ. ടി.എസ്.ഏബ്രഹാം കുളത്തൂപ്പുഴക്കാരിയെ ഗർഭിണിയാക്കിയതുമായി ബന്ധപ്പെട്ട സംഭവം ഹെബ്രോൻ ബംഗ്ലാവിലെ വൈതാളികൾ മരുപ്പച്ചയുടെ ഓഫീസിലിരുന്നു ചർച്ച ചെയ്യുമ്പോൾ മറ്റു ചില പത്രാധിപൻമാരും ഉണ്ടായിരുന്നു. സുരേഷ് ബാബു, സാമച്ചൻ, മത്തായിക്കുട്ടി തുടങ്ങിയവർ തികഞ്ഞ ദുർന്നടപ്പുകാരാണെന്ന് എല്ലാ പത്രാധിപൻമാർക്കും അറിയാം. കെ.എ.ഏബ്രഹാമിന്റെ ദുർന്നടപ്പിന് തെളിവു ഹാജരാക്കാൻ ഡിഫെൻഡർ തയ്യാറുമാണ്. കെ.സി. ജോണിന്റെ ദുർന്നടപ്പു കഥകൾ ഡിഫെൻഡറിനേക്കാൾ നന്നായി മറ്റു പെന്തക്കോസ്ത് പത്രങ്ങൾക്കറിയാം. പക്ഷേ ഇവരാരും നാളിതുവരെ ദുർന്നടപ്പിനെതിരായി ഒരു വാക്കുപോലും പറഞ്ഞിട്ടില്ല, പറയുകയുമില്ല. എന്തുകൊണ്ട്?

വ്യഭിചാരം എന്നത് ഒരു വ്യക്തിയുടെ സ്വകാര്യ വിഷയമാണെന്നും മറ്റുള്ളവർ അതിൽ ഇടപെടരുതെന്നുമാണ് അച്ചൻകുഞ്ഞ് ഇലന്തൂർ പറയുന്നത്. അതുതന്നെ മാത്യു ചെമ്പുകണ്ടത്തിലും പറയുന്നു. ഉപദേശപ്പിശകിനെ മാത്രമേ എതിർക്കേണ്ടതുള്ളൂ എന്നാണ് മറ്റുചിലരുടെ നിലപാട്. പക്ഷേ ഇതൊന്നുമല്ല ബൈബിളിന്റെ നിലപാട്. ദുർന്നടപ്പുകാരനെ ദുഷ്ടൻ എന്നു വിളിക്കാനും സഭയിൽ നിന്നു പുറത്താക്കാനും പൗലോസിനു ധൈര്യമുണ്ടായി. പെന്തക്കോസ്ത് പത്രക്കാർ ഇങ്ങനെ ചെയ്താൽ അതോടെ പരസ്യങ്ങൾ കിട്ടാതാകും. ഈ നേതാക്കൻമാരുടെ ശിങ്കിടികൾ ഭീഷണിയുമായെത്തും. പത്രത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും. അതുകൊണ്ട് വ്യഭിചരിക്കുന്നവൻ വ്യഭിചരിക്കട്ടെ, നമുക്കു പത്രം നടത്തണം.

# സത്യം സത്യമായി

നായർ പിടിച്ച പുലിവാല് എന്ന പേരിൽ ഒരു സിനിമയുണ്ട്. പക്ഷേ മെത്രാൻ പിടിച്ച പുലിവാല് എന്ന പേരിൽ പുതിയൊരു സിനിമ ഇറക്കാനുള്ള സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. കളക്ഷൻ റിക്കാഡ് ഭേദിച്ച് ഈ സിനിമ ഓടും എന്ന കാര്യത്തിലും സംശയമില്ല. സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ഒരു കത്തോലിക്കാ മെത്രാന് ഇത്രവലിയ അബദ്ധം പറ്റുക സാധാരണമല്ല. കാനോൻ നിയമത്തിൽ ഡോക്ട്രേറ്റുള്ള ആൾക്ക് വിശ്വാസ വിഷയങ്ങളിൽ അബദ്ധം പറ്റാൻ പാടില്ലാത്തതുമാണ്. പക്ഷേ ഇനി പറഞ്ഞിട്ടു പ്രയോജനമില്ലല്ലോ.

എന്തൊക്കെയാണ് ഈ മെത്രാൻ കാട്ടിക്കൂട്ടിയത്? ഓർത്തഡോക്സ് സഭയിൽ നിന്നു പുറത്താക്കപ്പെട്ട ഒരു പുരോഹിതനെ സഹകാർമ്മികനാക്കി കുർബ്ബാന അർപ്പിച്ചു. അങ്ങേരുടെ ദത്തുപുത്രിയെന്നു പറയപ്പെടുന്ന പെണ്ണിനെ മെത്രാൻ ദത്തെടുത്തു. ഈ പെൺകുട്ടിയുടെ രക്തം ഉപയോഗിച്ച് വെഞ്ചരിപ്പു നടത്തി. വെളി.12ൽ പറയുന്ന സ്ത്രീ ഈ പെണ്ണാണെന്നും ഇവൾക്ക് ഒരു ദിവ്യശിശു ജനിക്കുമെന്നും ആ ശിശു ലോകരക്ഷകനാകുമെന്നും ഔദ്യോഗികമായി പ്രഖ്യാപിച്ചു. (മേല്പടി പെണ്ണ് ഇപ്പോൾ ഗർഭിണിയാണെന്നു കേൾക്കുന്നു). കത്തോലിക്കാസഭക്ക് ഇതൊന്നും സഹിക്കാൻ കഴിയാതെപോയത് തികച്ചും സ്വാഭാവികം. പെന്തക്കോസ്തിലായിരുന്നെങ്കിൽ ഇതിലും വലിയ ഭോഷ്ക്ക് ചെലവാകുമായിരുന്നു.

പി.സി.തോമസിന്റെ പാർട്ടി ജോസഫിന്റെ പാർട്ടിയിൽ ലയിച്ചു എന്ന വാർത്ത പരന്നപ്പോൾ ഡിഫെൻഡർ പറഞ്ഞതെന്തെന്ന് പഴയ ലക്കങ്ങൾ നോക്കിയാൽ അറിയാം: 'ലയിച്ചു എന്നതിനേക്കാൾ പാർക്ക് ചെയ്യുന്നു' എന്നു പറയുകയാകും ശരി എന്നത്രേ ഡിഫെൻഡർ പറഞ്ഞത്. സംഗതി എത്രത്തോളം അച്ചട്ടായെന്ന് ഇപ്പോൾ ഏവർക്കും പിടികിട്ടിക്കാണുമല്ലോ. പി.സി.തോമസിന്റെ പാർട്ടിക്ക് ഒരിടത്തും ലയിക്കാനാവില്ല. അത് അങ്ങനെ ഓടിക്കൊണ്ടിരിക്കും. തളരുമ്പോൾ അല്പം വിശ്രമം ആവശ്യമാണല്ലോ. അതിന് എവിടെയെങ്കിലും അല്പസമയം പാർക്ക് ചെയ്യും. ക്ഷീണം മാറിക്കഴിയുമ്പോൾ വീണ്ടും ഓട്ടം ആരംഭിക്കും. ഇടയ്ക്കൊക്കെ പേരു മാറ്റും എന്നതുമാത്രമാണ് എടുത്തു പറയേണ്ട കാര്യം.

വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ ഇതാ ടി.എം. ജേക്കബ്ബിനെതിരായ അഴിമതിക്കേസ്സ് വീണ്ടും പൊങ്ങി വരുന്നു. സ്വന്തമായി ഒരു പാർട്ടി കൊണ്ടു നടക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. നല്ല പണച്ചെലവുണ്ടാകും. പണം ആകാശത്തുനിന്നു പൊട്ടിവീഴുകയില്ലല്ലോ. കുറെ പണം പിരിച്ചുണ്ടാക്കാം. പക്ഷേ അതിന് ഒരു അതിരൊക്കെയുണ്ട്. ഒരു പരിമിതിയുമില്ലാതെ മൃഷ്ടാന്നമായി പണമുണ്ടാക്കാൻ ഒരു വഴിയേയുള്ളൂ, മന്ത്രിയാകുക. അങ്ങനെ മന്ത്രി എന്ന നിലയിൽ ജേക്കബ്ബ് അല്പം പണമുണ്ടാക്കി. അതിന് കോടതി ഇങ്ങനെ പിന്നാലെ കൂടിയാൽ എന്തുചെയ്യും. അഴിമതി നടത്തുക എന്നത് ഏതു മന്ത്രിയുടേയും ജൻമാവകാശമാണെന്ന സാമാന്യ തത്ത്വം കോടതിക്കു മാത്രം മനസ്സിലാകില്ല എന്നു വന്നാൽ ജേക്കബ്ബിനേപ്പോലുള്ള മന്ത്രിമാർ കുഴഞ്ഞതുതന്നെ.

ഇന്ത്യയുടെ ഇങ്ങേ അറ്റത്തു കിടക്കുന്ന കേരളത്തിൽ നിന്ന് തീവ്രവാദികൾ അങ്ങേയറ്റത്തുള്ള കാശ്മീരിൽ പോയി പ്രശ്നമുണ്ടാക്കുമെന്ന് ആരും സ്വപ്നംപോലും കണ്ടിരുന്നില്ല. കേരളത്തിൽ രാജ്യദ്രോഹികളായ തീവ്രവാദികൾ ഇല്ലെന്നുവരെ നാം വിശ്വസിച്ചിരുന്നു. പക്ഷേ എല്ലാ വിശ്വാസത്തേയും കാറ്റിൽ പറത്തിക്കൊണ്ട് സത്യം ഇതാ പുറത്തുവന്നിരിക്കുന്നു. ഏതാനും ആഴ്ചകളോ മാസങ്ങളോ മുൻപു വരെ നമ്മുടെ കൺമുമ്പിൽ ഉണ്ടായിരുന്ന സാധാരണക്കാർ തീവ്രവാദികളായിരുന്നു, അല്ലെങ്കിൽ ആയി എന്നു നാം ഇപ്പോൾ മനസ്സിലാക്കുന്നു. എന്തോ നേടാനായി അവർ സ്വന്ത ജീവൻ പോലും ത്യജിച്ചിരിക്കുന്നു. എന്താണ് അവർ നേടിയത്? അറിഞ്ഞുകൂടാ. ഏതായാലും അവരുടെ കുടുംബങ്ങൾക്കുണ്ടായ നഷ്ടം നികത്താവുന്നതല്ല.

അസുഖം വരുന്നത് മോശം കാര്യമായാണ് പൊതുവെ കരുതപ്പെടുന്നത്. പക്ഷേ ഉർവ്വശീ ശാപം ഉപകാരമായി എന്നു പറഞ്ഞതുപോലെ നമ്മുടെ ഗുപ്തൻ നമ്പൂതിരിപ്പാട് ഒരു നടുവിനു വേദനയിലൂടെ ഇലയ്ക്കും മുള്ളിനും കേടില്ലാതെ ഇൻർവ്യൂ പ്രശ്നം പരിഹരിച്ചു. ഇന്റർവ്യൂ നടത്തിയില്ലെങ്കിൽ കോടതി കോപിക്കും. നടത്തിയാൽ സർക്കാരും പാർട്ടിയും കോപിക്കും. യുവജനത ശരിക്കു കോപിക്കയും ചെയ്തു. എന്താണു പോംവഴി? ഇന്റർവ്യൂ തുടങ്ങുക. ചിലരെ ഇന്റർവ്യൂ ചെയ്ത് കോർട്ട് അലക്ഷ്യം ഒഴിവാക്കുക. അതു കഴിഞ്ഞ് പരിപാടി നിർത്തുക. പക്ഷേ എങ്ങനെ നിർത്തും? വളരെ ആലോചിച്ച് ഒരു വിദ്യ കണ്ടുപിടിച്ചു: പ്രസിഡന്റിന് രോഗം കലശ്ശലാകുക. പിന്നെ ഇന്റർവ്യൂ നടത്താൻ പറ്റില്ലല്ലോ. പുറമെ കാണാവുന്നതോ പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യമാക്കാവുന്നതോ ആയ അസുഖം അഭിനയിച്ചാൽ കള്ളി വെളിച്ചത്താകും. അതുകൊണ്ട് ശുദ്ധമായ നടുവിനുവേദന അഭിനയിച്ച് തടിതപ്പി.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കുകപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്. പുറത്തുള്ളവരെ വിധിക്കുവാൻ എനിക്ക് എന്ത് കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നത്; പുറത്തുള്ളവരെ ദൈവം വിധിക്കുന്നു. 1കൊരി. 5: 11,12.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# അവറാനെ വേണ്ടേ വേണ്ട



''അവറാനെ വേണ്ടേ വേണ്ട'', പറയുന്നത് റ്റി.എസ്. ബാലനല്ല ശാരോന്റെ വിവിധ സഭകളിൽ നിന്നു വന്ന പ്രതിനിധികളാണ്. അതുകൊണ്ട് ഇതു ശാരോനിലെ വിശ്വാസികളുടെ പൊതുവികാരമായി കണക്കാക്കേണ്ടതാണ്.

സംഭവം ചുരുക്കി പറയാം: ഏതാനും ദിവസം മുൻപ് തിരുവല്ല ശാരോനിൽ വച്ച് കൺവൻഷൻ കമ്മറ്റിയുടെ മീറ്റിംഗ് നടന്നു. വിവിധ സഭകളിൽ നിന്ന് പ്രതിനിധികളായെത്തിയവരായിരുന്നു ഈ മീറ്റിംഗിൽ പങ്കെടുത്തത്. നവംബർ അവസാന ആഴ്ചയിൽ ശാരോന്റെ ജനറൽ കൺവൻഷൻ നടക്കുകയാണ്. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനാണ് യോഗം കൂടിയത്. വിശ്വാസികളുടെ പണം ആവശ്യമാകുന്ന എല്ലാ സന്ദർഭങ്ങളിലും ശാരോൻ നേതാക്കൻമാർ ഇത്തരം മീറ്റിംഗുകൾ വിളിച്ചുകൂട്ടും. ഇത്തവണയും ആ പതിവിനു മാറ്റമുണ്ടായില്ല.

പ്രധാന ചർച്ചകളെല്ലാം കഴിഞ്ഞപ്പോൾ മറ്റു വിഷയങ്ങളിലേക്കു കടന്നു. ഇത്തവണത്തെ കൺവൻഷന് ആരൊക്കെയാണ് പ്രസംഗിക്കുന്നത് എന്ന് ഒരാൾ ചോദിച്ചു. അതിനുള്ള മറുപടി പറഞ്ഞത് സർവ്വശക്തനായ ടി.പി. ഏബ്രഹാമാണ്: ഡോ.മുരളീധർ ആയിരിക്കും പ്രധാന പ്രസംഗകൻ. കൂടാതെ മറ്റു ചിലരും ഉണ്ടാകും. ശാരോനിൽ നിന്ന് ആരൊക്കെയാണ് പ്രസംഗിക്കുക? അത് കെ.എ.ഏബ്രഹാം ഉണ്ട്.... ആ വാചകം മുഴുവനാക്കാൻ ജനം സമ്മതിച്ചില്ല. എല്ലാവരും ചാടിയെഴുന്നേറ്റ് ബഹളം തുടങ്ങി. അവനെ ഇത്തവണ സ്റ്റേജിൽ കയറ്റാൻ പറ്റില്ല. അവൻ ദുരുപദേശക്കാരനാണ്, വിവരംകെട്ടവനാണ്, വിഡ്ഢിത്തമാണു പ്രസംഗിക്കുന്നത്, അഹങ്കാരിയാണ്, അവനെ വേണ്ടേ വേണ്ട. ടി.പി ഏബ്രഹാമിന് മറുപടി പറയാൻ പോലും സാധിക്കാത്തവിധത്തിലായിരുന്നു ബഹളം. ഇത്രയുമൊക്കെ ആയിട്ടും കെ.എ.ഏബ്രഹാമിനെ അനുകൂലിച്ച് ഒരു വാക്കു പറയാൻ ആരും മുൻപോട്ടു വന്നതുമില്ല. ഏതായാലും ജനഹിതം എന്തന്നു ടി.പി നേരിൽ കണ്ടറിഞ്ഞു.

കെ.എ.ഏബ്രഹാം വ്യഭിചാരിയും വിവരദോഷിയും കള്ളനുമാണെന്നു തെളിഞ്ഞിട്ടും ശാരോൻ നേതാക്കൻമാർ ഇവനെ പ്രസംഗകനാക്കാൻ വീണ്ടും പദ്ധതിയിടുന്നതെന്തുകൊണ്ട്? പറയാം: അവറാനെതിരായി പടപൊരുതുന്ന ഏക വ്യക്തി റ്റി. എസ്.ബാലനാണ്. ശാരോൻ കൺവൻഷനിലെ സ്ഥിരം പ്രസംഗകനായ കെ.എ.ഏബ്രഹാമിനെ ഇത്തവണ ഒഴിവാക്കിയാൽ അത് ബാലന്റെ വിജയമായി വ്യാഖ്യാനിക്കപ്പെടും. മറിച്ച് ഇത്തവണയും അവറാൻ ശാരോന്റെ ജനറൽ കൺവൻഷനിൽ പ്രസംഗിച്ചാൽ ബാലന്റെ എഴുത്തൊന്നും അവറാനെ ബാധിച്ചിട്ടില്ലെന്നും ശാരോൻ അതൊന്നും കാര്യമായി എടുത്തിട്ടില്ലെന്നും പറയാതെ പറയാം. ഇതാണ് തന്ത്രം. ബാലന്റെ എഴുത്തിനു ശക്തിയുണ്ട് എന്നു വരുന്നത് ടി.പിക്ക് ഒട്ടും ഇഷ്ടമുള്ള കാര്യവുമല്ല. ടി.പിയുടെ മക്കളുടെ ദുർന്നടപ്പു കഥകൾ പരസ്യമാക്കിയ ആളാണല്ലോ ബാലൻ. ജനഹിതം എതിരാണെന്നു വ്യക്തമായെങ്കിലും അവറാനെ ടി.പി പ്രസംഗകരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ സാദ്ധ്യത കുറവാണ്.

# ഹാലേലൂയ്യാ, ബൗ ബൗ

ഹാലേലൂയ്യാ മനസ്സിലായി. എന്താണ് ഈ ബൗ ബൗ? ചോദ്യം ന്യായം. പറഞ്ഞു വരുന്നത് പെന്തക്കോസ്തിലെ കാര്യമായതുകൊണ്ട് ബൗ ബൗ മാത്രമല്ല മ്യാവു മ്യാവു എന്നു കേട്ടാലും അത്ഭുതമില്ല. കാരണം പെന്തക്കോസ്തിൽ എന്തും നടക്കും. സംഗതി മനസ്സിലാക്കാൻ http://in.youtube.com/watch?v=NlRSCWW6xZ8 എന്ന ലിങ്ക് സന്ദർശിക്കുക. ഡിവൈൻ ഫയർ 2008 എന്നൊരു പരിപാടിയിൽ ഫിന്നി ഈപ്പൻ ചെറിയാൻ എന്നൊരു ഞാഞ്ഞൂൽ പ്രസംഗിക്കുന്നതാണ് രംഗം. (ഈ കലാകാരനേക്കുറിച്ച് ഡിഫെൻഡർ ആദ്യമായാണ് കേൾക്കുന്നത്). തലവേദന, നടുവിനു വേദന, കൈവേദന തുടങ്ങിയ അത്യന്തം മാരകമായ അസുഖങ്ങൾ ഈ ചെറുക്കന്റെ പ്രാർത്ഥനയാൽ സൗഖ്യമായതായി പലരും സാക്ഷ്യം പറയുന്നു. അതിനിടയിൽ പ്രസംഗകൻ പുറപ്പെടുവിക്കുന്ന ശബ്ദമാണ് ബൗ. യേശു രോഗം സൗഖ്യമാക്കി, ബൗ, എല്ലാവരും ഹാലേലൂയ്യാ പറഞ്ഞാട്ടെ, ബൗ, ദൈവത്തിനു സ്തോത്രം, ബൗ ഇങ്ങനെ പോകുന്നു ആ കലാപരിപാടി. ഇത് എന്ത് ആത്മാവാണാവോ?



# വരുന്നൂ ഉത്തമസ്ത്രീ

വരുന്നൂ ഉത്തമസ്ത്രീ എന്നു കേൾക്കുമ്പോൾ ചട്ടയും മുണ്ടും ധരിച്ച് ഏതോ മാന്യവനിത വരുന്നു എന്നു ധരിക്കരുതേ: കാരണം, ഉത്തമസ്ത്രീ എന്നത് ജീവനുള്ള സ്ത്രീയല്ല ഒരു പത്രത്തിന്റെ പേരാണ്. സാലിമോനായിയാണ് അതിന്റെ ജീവാത്മാവും പരമാത്മാവും. ഉത്തമസ്ത്രീ എന്ന പേരിൽ ഒരു പത്രം നടത്താൻ സാലിക്കു യോഗ്യതയുണ്ടോ എന്ന ചോദ്യത്തിന് ഏതായാലും രണ്ടുത്തരം ഉണ്ടാകുമെന്നു തോന്നുന്നുമില്ല.

ഈ പേരിൽ ഒരു പത്രം നടത്താൻ സാലിക്ക് ഒക്ടോബർ 10ന് അനുവാദം ലഭിച്ചുകഴിഞ്ഞു. മാസത്തിൽ ഒന്ന് എന്ന ക്രമത്തിലാണ് പ്രസിദ്ധീകരണം. എന്നു മുതൽ പത്രം പ്രസിദ്ധീകരിച്ചു തുടങ്ങും എന്നു പറയാറായിട്ടില്ല.

പത്രത്തിന്റെ രൂപത്തിലാണോ അതോ മാസികയുടെ രൂപത്തിലാണോ ഉത്തമസ്ത്രീ പുറത്തു വരുക എന്നു നിശ്ചയമില്ല. ഉത്തമയാണെങ്കിലും സ്ത്രീയല്ലേ, അതുകൊണ്ട് അല്പം വർണ്ണപ്പൊലിമയൊക്കെ പ്രതീക്ഷിക്കാം.

എന്തൊക്കെയാകും വിഭവങ്ങൾ? അതു മുൻകൂട്ടി പറയാനാവില്ല. എങ്കിലും പേരു സൂചിപ്പിക്കുന്നതുപോലെ സ്ത്രീവിഷയം ആയിരിക്കും സംഗതി എന്നു കരുതാം. അതുകൊണ്ട് വായനക്കാർക്കു കുറവുണ്ടാകാൻ ഇടയില്ല. ഏതാലും കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കേണ്ട കാര്യമില്ലല്ലോ. അതുകൊണ്ട് ഈ മാന്യവനിത പുറത്തുവരുന്നതും കാത്തിരിക്കാം.

# അച്ചൻകുഞ്ഞ് ഇറങ്ങിപ്പോയി

അച്ചൻകുഞ്ഞ് ഇലന്തൂർ പത്രസമ്മേളനത്തിൽ നിന്ന് ഉറങ്ങി .... സോറി, ഇറങ്ങിപ്പോയി. സംഭവം നടന്നത് തിരുവല്ലയിലാണ്. പാസ്റ്റർ ജെ.ജോസഫ് ഈയിടെ ഒരു ഒറീസ്സാ സന്ദർശം നടത്തി. മടങ്ങിയെത്തിയശേഷം ഒരു പത്രസമ്മേളനം നടത്തി. ഒറീസ്സയിൽ കണ്ടതും കേട്ടതും മറ്റും വിവരിക്കയായിരുന്നു ഉദ്ദേശ്യം.

തിരുവല്ലയിലെ പത്രക്കാരും പട്ടികളും ഒരു കാര്യത്തിൽ തുല്യരാണ്. ഒരു പ്രദേശത്തുള്ള പട്ടികൾ മറ്റൊരു പ്രദേശത്തുള്ള പട്ടികളെ തങ്ങളുടെ ഏരിയായിലേക്കു വരാൻ സമ്മതിക്കില്ല. വന്നാൽ എല്ലാവരുംകൂടി കടിച്ച് ഒരു പരുവമാക്കും. ബിലീവേഴ്സ് ജേർണൽ എന്നൊരു പത്രം അടുത്ത കാലത്ത് പ്രസിദ്ധീകരണം ആരംഭിച്ചിട്ടുണ്ട്. ശ്രീമാൻ അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ നേതൃത്വത്തിൽ ഈ പത്രത്തെ ഒറ്റപ്പെടുത്താൻ ശ്രമം നടക്കുന്നുമുണ്ട്. ഈ പത്രത്തെ പത്രസമ്മേളനത്തിനു വിളിച്ചാൽ അച്ചൻകുഞ്ഞ് പങ്കെടുക്കില്ല എന്നാതാണ് പ്രഖ്യാപിത നയം. ദളിതനായ അനിൽ കൊടിത്തോട്ടം ഈ പത്രത്തിന്റെ മുൻനിരപ്രവർത്തകരിൽ ഒരാളാണെന്നതും അച്ചൻകുഞ്ഞിന്റെ എതിർപ്പു വർദ്ധിപ്പിക്കാൻ കാരണമാകുന്നുണ്ട്. പക്ഷേ ജെ. ജോസഫ് ഈ പത്രത്തേയും പത്രസമ്മേളനത്തിനു വിളിച്ചിരുന്നു. അവർ വരുന്നതു കണ്ടയുടൻ അച്ചൻകുഞ്ഞ് ചാടിയെഴുന്നേറ്റ് പുറത്തേക്കുപോയി. സത്യം പറയട്ടെ, അച്ചൻകുഞ്ഞ് കലക്കി.

# ഒ.എം. രാജുക്കുട്ടി ചെയ്തതെന്ത്? ഇനി ചെയ്യേണ്ടതെന്ത്?

ഒ.എം.രാജുക്കുട്ടി വ്യാജ ഡബ്ലിയു.എം.ഇ ഉണ്ടാക്കി എന്ന് ഡിഫെൻഡർ എഴുതിയപ്പോൾ പലരും ക്ഷോഭിച്ചു. ഡിഫെൻഡർ കള്ളം പറയുകയാണെന്നത്രേ അവർ പറഞ്ഞത്. ഈ സാധുക്കൾ സത്യം മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ട് അങ്ങനെയുള്ളവരുടെ അറിവിലേക്ക് ചില വസ്തുതകൾ വെളിപ്പെടുത്താം.

അമേരിക്കയിലെ ഡാളസ് ആസ്ഥാനമായി ലോകമെമ്പാടും പ്രവർത്തിച്ചു വരുന്നതാണ് യഥാർത്ഥ ഡബ്ലിയു.എം.ഇ. രാജുക്കുട്ടി ഈ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു. എന്നാൽ പിന്നീട് യഥാർത്ഥ ഡബ്ലിയു.എം.ഇയുമായി തെറ്റിപ്പിരിഞ്ഞ് പുതിയ സംഘടനയുണ്ടാക്കി. തെറ്റിപ്പിരിയുന്നതോ പുതിയ സംഘടനയുണ്ടാക്കുന്നതോ തെറ്റല്ല. പക്ഷേ യഥാർത്ഥ ഡബ്ലിയു.എം.ഇയുമായി തെറ്റിപ്പിരിഞ്ഞ കാര്യം മറച്ചു വച്ചതും പഴയ സംഘടനയാണെന്നു തെറ്റിദ്ധരിക്കത്തക്കവിധത്തിലുള്ള പേരുവച്ച് പുതിയ സംഘടന രജിസ്റ്റർ ചെയ്തതും താൻ ഇപ്പോഴും യഥാർത്ഥ ഡബ്ലിയു.എം.ഇയുടെ നേതാവാണ് എന്ന ഭാവത്തിൽ പെരുമാറുന്നതും സത്യം പുറത്തുപറഞ്ഞ ഡിഫെൻഡറിനെ ഭീഷണിപ്പെടുത്തുന്നതും തെറ്റാണ്.

ഈ പ്രശ്നം പരിഹരിക്കാൻ രാജുക്കുട്ടി എന്താണു ചെയ്യേണ്ടത് എന്നു പറയാം:

1. പത്തനംതിട്ട ജില്ല രജിസ്ട്രാർ ഓഫീസിൽ 2005 നവംബർ രണ്ടിന് പി.464/05 നമ്പറായി രജിസ്റ്റർ ചെയ്തിരിക്കുന്ന വേൾഡ് മിഷൻ ഇവാൻജലിസം മിനിസ്ട്രീസ് എന്ന സംഘടന യഥാർത്ഥ ഡബ്ലിയു.എം.ഇ അല്ലെന്നും ഡാളസ് ആസ്ഥാനമായുള്ള ഡബ്ലിയു.എം.ഇയുമായി തനിക്ക് ഒരുവിധത്തിലുള്ള ബന്ധവും ഇല്ലെന്നും വ്യക്തമാക്കിക്കൊണ്ട് രാജുക്കുട്ടി പത്രക്കുറിപ്പിറക്കുകയും അതിന്റെ കോപ്പി പ്രധാനപ്പെട്ട പെന്തക്കോസ്ത് പത്രങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്യണം.
2. യഥാർത്ഥ ഡബ്ലിയു.എം.ഇയുടെ സ്വത്തുക്കൾ ആ സംഘടനക്ക് മടക്കി കൊടുക്കണം.

ഈ രണ്ടു കാര്യങ്ങൾ ചെയ്താൽ ഡിഫെൻഡർ ഈ പ്രശ്നത്തിൽ രാജുക്കുട്ടിയെ വിമർശിക്കുന്നത് ഒഴിവാക്കും. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ രാജുക്കുട്ടി നടത്തിവരുന്ന തട്ടിപ്പുകളേക്കുറിച്ച് ഡിഫെൻഡർ തുടർന്നും എഴുതും. വല്ലവരേയും വിട്ട് ബാലനെ തല്ലിക്കാമെന്നു തോന്നുന്നുണ്ടെങ്കിൽ അത് തീകൊണ്ടുള്ള കളിയാണെന്ന് അറിഞ്ഞിരിക്കുക. കൊലപാതകം നടക്കുമ്പോൾ ഹിമാലയ ഉടമകൾ ആ പ്രദേശത്തുപോലും ഇല്ലായിരുന്നെങ്കിലും കൊലപാതകം നടത്തിയവരോടൊപ്പം അവരും പ്രതികളായി. ബാലനെ ആക്രമിച്ചവരുമായി തനിക്കു ബന്ധമില്ല എന്നൊക്കെ പറഞ്ഞ് രാജുക്കുട്ടിക്ക് രക്ഷപ്പെടാനാവില്ല എന്നു ചുരുക്കം. അതുകൊണ്ട് കൈവിട്ട കളികളൊന്നും വേണ്ട. അതു ഡിഫെൻഡറിന്റെ മുന്നിൽ ചെലവാകില്ല, ട്ടോ രാജുക്കുട്ടീ.

# ബൈലോയുടെ കോപ്പി ലഭിക്കും

രാജുക്കുട്ടിയുടെ ഡബ്ലിയു.എം.ഇ യഥാർത്ഥ ഡബ്ലിയു.എം.ഇ അല്ല എന്ന് എത്ര പറഞ്ഞാലും മനസ്സിലാകാത്തവരുണ്ട്. അങ്ങനെയുള്ളവർ രാജുക്കുട്ടിയുടെ സംഘടനയുടെ ബൈലോ നേരിൽ കണ്ട് ബോദ്ധ്യപ്പെടുക. പത്തനംതിട്ട ജില്ലാ രജിസ്ട്രാർ ഓഫീസിൽ പി.464/05 ആയി രജിസ്റ്റർ ചെയ്തിരിക്കുന്ന ഈ സംഘടനയുടെ ബൈലോ, രാജുക്കുട്ടിക്ക് ഡബ്ലിയു.എം.ഇയുമായി ബന്ധമില്ല എന്നു വ്യക്തമാക്കിക്കൊണ്ട് ഡബ്ലിയു.എം.ഇയുടെ അമേരിക്കൻ ഓഫീസിൽ നിന്ന് ടി.എസ്.ബാലനു ലഭിച്ച ഈമെയിൽ എന്നിവയുടെ കോപ്പി ആവശ്യമുള്ളവർക്ക് ഡിഫെൻഡർ ഓഫീസിൽ നിന്നു ലഭിക്കുന്നതാണ്. ഫോട്ടോ കോപ്പി എടുക്കാനും കുരിയർ വഴി അയയ്ക്കാനുമുള്ള ചെലവിലേക്കായി 50 രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ മണിയോർഡർ അയയക്കുക. അയയ്ക്കുന്ന ആളുടെ പേര്, വിലാസം, ഫോൺ നമ്പർ, ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതുവാൻ ശ്രദ്ധിക്കുക.

# ഭീഷണിക്കാരുടെ അടിയന്തിര ശ്രദ്ധക്ക്

ഡിഫെൻഡർ ഓഫീസിലേക്കു ഫോൺ ചെയ്ത് ഭീഷണി മുഴക്കുന്നവരുടെ ശ്രദ്ധക്ക്: ഇവിടെ ലഭിക്കുന്ന എല്ലാ ഭീഷണി ഫോണുകളുടേയും നമ്പർ, വിളിച്ച സമയം തുടങ്ങിയവ ഞങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നുണ്ട്. ബാലനെ ആരെങ്കിലും ആക്രമിക്കയോ തല്ലിക്കൊല്ലുകയോ ചെയ്താൽ ഈ ഫോൺ നമ്പറുകളെല്ലാം ബാലന്റെ മക്കൾ പോലീസിനു നൽകും. പിന്നെ എന്താകും നടക്കുക എന്ന് ഊഹിക്കാമല്ലോ. അത് ഒഴിവാക്കുകയല്ലേ ബുദ്ധി?



# ദുർന്നടപ്പ് സ്വകാര്യവിഷയമെന്ന് ജി.എം. ന്യൂസ്

ജി.എം.ന്യൂസ് എന്ന പേരിൽ ഒരു ഓൺലൈൻ പത്രമുണ്ട്. മാത്യു ചെമ്പുകണ്ടത്തിൽ എന്നു പേരുള്ള ഒരാളാണ് അതിന്റെ നടത്തിപ്പുകാരനെന്നും കക്ഷി ഇംഗ്ലണ്ടിലാണ് താമസമെന്നും ഊഹിക്കാം. ഏതായാലും ഈ വിദ്വാനാണ് പത്രത്തിന്റെ മുഖപ്രസംഗം എഴുതുന്നത്. ഒട്ടേറെ വിവരക്കേടുകൾ ഇയാൾ എഴുതിക്കൂട്ടാറുണ്ടെങ്കിലും ദൈവവചന പരിജ്ഞാനമില്ലാത്ത ഏതോ പുതിയ വിശ്വാസിയാണിയാൾ എന്നു തോന്നിയതുകൊണ്ട് ഡിഫെൻഡർ നാളിതുവരെ ഇദ്ദേഹത്തിന് എതിരെ എഴുതിയിട്ടില്ല. പക്ഷേ ദുർന്നടപ്പിനെതിരെ പത്രത്തിൽ എഴുതുന്നതു മാധ്യമ ഭീകരതയാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ഈ മാന്യദേഹം രണ്ടാഴ്ച മുൻപ് മുഖപ്രസംഗം എഴുതിയത് കണ്ടില്ലെന്നു നടിക്കാനാവില്ല.

മാത്യു ചെമ്പുകണ്ടത്തിൽ പറയുന്നതിന്റെ ചുരുക്കം ഇതാണ്: കർത്താവായ യേശുക്രിസ്തു പരീശൻമാരുടേയും മറ്റും കപടഭക്തിക്കെതിരെ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. പക്ഷേ അവരുടെ ദുർന്നടപ്പിനെതിരെ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. വ്യഭിചാരകർമ്മത്തിൽ തൊണ്ടി സഹിതം പിടിക്കപ്പെട്ട സ്ത്രീയേപ്പോലും കർത്താവ് ശിക്ഷിച്ചില്ല. ഇതു നാം മാതൃകയാക്കണം. ദുരുപദേശങ്ങളെ തീർച്ചയായും എതിർക്കണം. പക്ഷേ വ്യഭിചരിക്കുക എന്നത് ഒരു വ്യക്തിയുടെ സ്വകാര്യ വിഷയമാണ്. അതിൽ മറ്റുള്ളവർ ഇടപെടരുത്. പ്രസംഗകരുടെ ദുർന്നടപ്പിനേക്കുറിച്ച് പത്രത്തിൽ എഴുതുന്നത് മാധ്യമ ഭീകരതയാണ്. ഇത്തരം പത്രങ്ങളെ ദൈവജനം ബഹിഷ്ക്കരിക്കണം.

ബലേ ഭേഷ് എന്നേ പറയേണ്ടൂ. ഇതു വായിച്ചപ്പോൾ ഒരു സംശയം തോന്നി: വ്യഭിചാരികൾക്കെതിരെ എഴുതുന്നതിൽ ഈ ചങ്ങാതിക്ക് എന്താണിത്ര മനഃപ്രയാസം? ഒരു ഉത്തരമേ മനസ്സിൽ തോന്നിയുള്ളൂ: ഇയാളും മേല്പടി തന്നെ. അല്ലെങ്കിൽ ഇങ്ങനെയൊന്നും എഴുതുകയില്ല.

ഇത്തരം ഒരു മുഖപ്രസംഗം ഇയാൾ എഴുതാൻ കാരണമെന്തെന്ന് ആദ്യം പറയാം. പരമ വ്യഭിചാരിയായ സുരേഷ് ബാബു നവംബറിൽ ഇംഗ്ലണ്ടിലെത്തുന്നുണ്ട്. ഏതു കള്ളൻ ഇംഗ്ലണ്ടിലെത്തിയാലും സഹായിക്കാൻ ഈ ചങ്ങാതി തയ്യാർ. ഏതാനും മാസം മുൻപ് ടിനു ജോർജ് എന്ന വ്യാജൻ ഇംഗ്ലണ്ടിലെത്തിയപ്പോൾ ഇദ്ദേഹമാണ് മുൻപന്തിയിൽ നിന്നു സഹായിച്ചത്. ടിനു ജോർജ് ദൈവദാസനാണ് എന്നതിനു തെളിവും ഇദ്ദേഹം ഹാജരാക്കി: ടിനുവിന്റെ പ്രസംഗം കേട്ട് ചിലർ സ്നാനപ്പെട്ടത്രേ. ഇയാൾ എത്ര വലിയ വിവരദോഷിയാണെന്നതിന് വേറെ തെളിവു വേണ്ട. സുരേഷ് ദൈവദാസനാണെന്നതിനും ഇയാൾ ഈ വിധത്തിലുള്ള തെളിവു ഹാജരാക്കാൻ ഇടയുണ്ട്. സുരേഷ് ബാബുവിന്റെ യോഗങ്ങൾക്ക് മാത്യു പരമാവധി പരസ്യം നൽകുന്നുമുണ്ട്.

ഇങ്ങനെയിരിക്കുമ്പോഴാണ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ സുരേഷിന്റെ ലഘു ജീവചരിത്രം പ്രസിദ്ധീകരിച്ചത്. സുരേഷ് ബാബു ഒന്നാംതരം വ്യഭിചാരിയും തട്ടിപ്പുകാരനുമാണെന്ന് കാര്യകാരണ സഹിതം ഡിഫെൻഡർ വ്യക്തമാക്കുകയും ചെയ്തു. ഇതു വായിച്ചതോടെ മാത്യുവിന് ഹാലിളകി. മഹാപരിശുദ്ധനായ സുരേഷ് ബാബുവിനേക്കുറിച്ച് ഇങ്ങനെയൊക്കെ എഴുതുന്നത് മാധ്യമഭീകരതയല്ലെങ്കിൽ പിന്നെ എന്താണ്? ഒരു പക്ഷേ സുരേഷ് ബാബു ഇങ്ങനെയൊക്കെ ചെയ്തിട്ടുണ്ടാകാം. എങ്കിലും തികച്ചും സ്വകാര്യമായ ഇത്തരം വിഷയങ്ങളേക്കുറിച്ച് എഴുതുന്നതു മഹാപാപമല്ലേ? രോഷം സഹിക്കവയ്യാതായപ്പോൾ മാത്യു എഡിറ്റോറിയൽ എഴുതിപ്പോയതാണ്.

ഇനി മാത്യുവിന്റെ വാദഗതികൾ പരിശോധിക്കാം: യേശു പരീശൻമാരുടെ കപടഭക്തിക്കെതിരെ സംസാരിച്ചു, പക്ഷേ വ്യഭിചാരത്തിനെതിരെ സംസാരിച്ചില്ല. എന്തുകൊണ്ട്? ഉത്തരം വ്യക്തം. പരീശൻമാർ വ്യഭിചാരികളായിരുന്നില്ല. ന്യായപ്രമാണത്തിലെ എല്ലാ കല്പനയും അക്ഷരംപ്രതി അനുസരിക്കുന്നതിൽ അതീവ ശ്രദ്ധയുള്ളവരായിരുന്നു പരീശൻമാർ. ഭക്തി മൂത്ത് കപടഭക്തിയായിപ്പോയി എന്നൊരു കുഴപ്പം മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. മോഹിക്കേണ്ടതിനു സ്ത്രീയെ നോക്കുന്നവൻ പോലും ഹൃദയം കൊണ്ടു വ്യഭിചാരം ചെയ്തുപോയി എന്നു കർത്താവു പറയുന്നതിനു വളരെ മുൻപുതന്നെ ഈ പ്രമാണം ജീവിതത്തിൽ പകർത്തിയവർപോലും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. വീട്ടിൽ നിന്നിറങ്ങിയാൽ തിരികെ എത്തുന്നതുവരെ സ്ത്രീയെ നോക്കാതിരിക്കാൻ കണ്ണടച്ചു നടക്കുമായിരുന്നു ഇവർ. അങ്ങനെ നടന്ന് അപകടങ്ങളിൽ പെട്ട് ചോര ഒലിപ്പിച്ചു നടക്കുന്നത് വിശുദ്ധിയുടെ ലക്ഷണമായി ഇവർ കണക്കാക്കുകപോലും ചെയ്തിരുന്നു. കർത്താവ് പരീശൻമാരുടെ ദുർന്നടപ്പിനെതിരെ പ്രതികരിക്കാതിരുന്നതെന്തുകൊണ്ട് എന്നു മാത്യുവിനു മനസ്സിലായോ? ഇല്ലെങ്കിൽ അല്പംകൂടി തെളിച്ചു പറയാം: അവർ സുരേഷ് ബാബുവിനേപ്പോലുള്ളവർ ആയിരുന്നില്ല.

കർത്താവ് എന്തുകൊണ്ടാണ് പാപിനിയായ സ്ത്രീയെ ശിക്ഷിക്കാതിരുന്നത്? അവൾ രക്ഷിക്കപ്പെട്ടവളല്ല, പാപിനിയാണ്. അവളെ പഴിക്കേണ്ടതില്ല. ഇനി പാപം ചെയ്യരുത് എന്നു മാത്രമേ കർത്താവിനു പറയാനുള്ളൂ. ഡിഫെൻഡറും രക്ഷിക്കപ്പെടാത്തവരെ വിമർശിക്കാറില്ല.

പക്ഷേ ഇതൊന്നും പെന്തക്കോസ്തുകാർക്ക് - വിശേഷിച്ചും പെന്തക്കോസ്ത് നേതാക്കൻമാർക്ക് - ബാധകമല്ല. ദൈവമക്കളുടെ വേഷത്തിൽ നടക്കുന്ന ഈ കള്ളൻമാരോട് ഒരു സഹകരണവും പാടില്ല. (1കൊരി.5: 11, 12). അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നതും അമ്മായിയമ്മയെ വരെ വ്യഭിചരിക്കുന്നതും ചെല്ലുന്നിടത്തെല്ലാം ഉണ്ണികളെ ഉണ്ടാക്കുന്നതും സ്വകാര്യ വിഷയമല്ല മാത്യൂ. അഥവാ, ഇതു സ്വകാര്യ വിഷയമാണെന്ന് മാത്യുവിന് ഉറപ്പുണ്ടെങ്കിൽ സുരേഷ് ഇംഗ്ലണ്ടിലെത്തുമ്പോൾ മാത്യു സ്വന്തം അമ്മയേയോ ഭാര്യയേയോ മകളേയോ സുരേഷിന്റെ സ്വകാര്യതക്കു തുണയായി നൽകി മാതൃക കാട്ടുക, എന്താ തയ്യാറാണോ?

# ഡിഫെൻഡർ മറുപടി പറയുന്നു

**?** സിസ്റ്റർ ആഞ്ജലിക്ക കള്ളപ്രവാചകിയാണെന്ന് ഡിഫെൻഡർ എഴുതിയത് ശ്രദ്ധയിൽ പെട്ടു. അവർ ഒരുവിധത്തിലുള്ള കള്ളപ്രവചനവും നടത്തുന്നതായി തോന്നുന്നില്ല. ബൈബിളിലുള്ള പ്രവചനത്തിന് അവർ വ്യാഖ്യാനം നൽകുക മാത്രമാണു ചെയ്യുന്നത്. ഇതെങ്ങനെ കള്ളപ്രവചനമാകും?

■ കഥ അറിയാതെ ആട്ടം കാണുക എന്നൊരു ചൊല്ലുണ്ട്. അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. ബൈബിളിലെ ഒരു പ്രവചനം എടുത്തു വ്യാഖ്യാനിച്ചതുകൊണ്ടു മാത്രം ശരിയായ പ്രവാചകി ആകുന്നില്ല. വെളി. 12ൽ പറയുന്ന സ്ത്രീ തന്റെ ദത്തുപുത്രിയാണെന്നും അവിടെ കാണുന്ന ശിശു ഈ പെണ്ണു പ്രസവിക്കുന്ന കുട്ടിയാണെന്നും ഒരു മെത്രാൻ വ്യാഖ്യാനിച്ചതുതന്നെ നല്ല ഉദാഹരണം. ഇത് ബൈബിളിലുള്ള പ്രവചനമാണ്. പക്ഷേ മെത്രാൻ പറഞ്ഞത് പമ്പര വിഡ്ഢിത്തമായിരുന്നു. വില്ല്യം ബ്രൻഹാം ലവോദിക്യാ സഭയുടെ ദൂതനാണെന്ന് വിശ്വസിക്കുന്നവരുണ്ട്. ഇതെങ്ങനെ ശരിയാകും? ആഞ്ജലിക്കയുടെ ദുർവ്യാഖ്യാനവും ഇതുപോലെയാണ്.

ദൈവവചനത്തിൽ കാര്യമായ പിടിപാടൊന്നുമുള്ള വ്യക്തിയല്ല ഇവർ. എന്തൊക്കെയോ വായിക്കുകയും പഠിക്കുകയും ചെയ്തപ്പോൾ ചില ധാരണകളൊക്കെയുണ്ടായി. ഇതെല്ലാം ദൈവം നൽകിയ വെളിപ്പാടാണെന്നു പറഞ്ഞു നടക്കുന്നു. ഇതു വെളിപ്പാടല്ല വെളിവുകേടാണ് എന്നു പറഞ്ഞു മനസ്സിലാക്കാൻ കടപ്പെട്ടവർ തങ്ങളുടെ കടമ മറന്ന് ഈ വിവരക്കേടിന് ആമേൻ പറയുന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

2020 ആകുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകുമെന്നത്രേ ആഞ്ജലിക്ക പറയുന്നത്. എന്താണ് ഇങ്ങനെ പറയാനുള്ള കാരണം? അതിന്റെ അടിസ്ഥാനം വചനത്തിലുണ്ട്. എവിടെ? ഫറവോൻ കണ്ട സ്വപ്നം. ഏഴു വർഷം സമൃദ്ധിയുടെ വർഷവും തുടർന്നുള്ള ഏഴു വർഷം ക്ഷാമവും ഉണ്ടാകും എന്നായിരുന്നല്ലോ പ്രവചനം. ശരിതന്നെ. അത് അക്കാലത്തു തന്നെ അക്ഷരാർത്ഥത്തിൽ നിറവേറി. ആ പ്രവചനവും ഇന്ത്യയും തമ്മിൽ എന്തു ബന്ധം?

ആഞ്ജലിക്കായുടെ പ്രവചനത്തിൽ വിശ്വസിക്കുന്ന സകലരും ചില വസ്തുതകൾ മനസ്സിലാക്കണം:

1. ഫറവോൻ കണ്ട സ്വപ്നം നിറവേറി. ഒരിക്കൽ നിറവേറിയ പ്രവചനം വീണ്ടും നിറവേറുകയില്ല.
2. ആ പ്രവചനം അക്ഷരാർത്ഥത്തിലുള്ള സമൃദ്ധി, ക്ഷാമം എന്നിവയുമായി ബന്ധപ്പെട്ടതായിരുന്നു എന്നതിന് ബൈബിളിൽത്തന്നെ തെളിവുണ്ടായിരിക്കെ മറ്റു വ്യാഖ്യാനങ്ങളിലേക്കു കടക്കുന്നത് വിവരക്കേടാണ്.
3. നാലായിരത്തോളം വർഷം മുൻപ് മിസ്രയീമിലെ രാജാവ് തന്റെ രാജ്യത്തു സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ ദർശനത്തിൽ കണ്ടു. അത് 21-ാം നൂറ്റാണ്ടിലെ ഇന്ത്യയിൽ സംഭവിക്കാൻ പോകുന്ന കാര്യമായി വ്യാഖ്യാനിക്കുന്നത് ഭ്രാന്താണ്.
4. സമൃദ്ധിയും ക്ഷാമവും ആത്മീയാർത്ഥത്തിൽ സഭാവളർച്ചയും പീഡയുമായി വ്യാഖ്യാനിക്കുന്നതിന് വചനത്തിൽ അടിസ്ഥാനമില്ല.
5. 2008 മുതലുള്ള ഏഴു വർഷം സഭക്ക് നല്ലകാലമായിരിക്കും എന്നാണ് ആഞ്ജലിക്ക പറഞ്ഞത്. പക്ഷേ അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ലാത്തത്ര വലിയ പീഡയാണ് ഈയിടെ ഉണ്ടായത്. സഭ വളർന്നുമില്ല.

വെറുതെ മഠത്തിൽ ഇരുന്ന് പ്രാർത്ഥനയും ധ്യാനവും നടത്തുമ്പോൾ മാനസികനില തെറ്റുക സ്വാഭാവികം. അങ്ങനെ സംഭവിച്ചാൽ ദർശനങ്ങൾ കാണുകയും ചെയ്യും. ദൂതനോ ദൈവം തന്നെയോ നേരിൽ വന്നു സംസാരിച്ചെന്നും തോന്നാം. ഇങ്ങനെയുള്ളവരെ ഏതെങ്കിലും മനോരോഗ വിദഗ്ദ്ധനെ കാണിക്കുകയാണു ചെയ്യേണ്ടത്. പക്ഷേ ദൈവീക ദർശനവും ഭ്രാന്തും തമ്മിൽ തിരിച്ചറിയാനുള്ള കഴിവില്ലാത്ത പെന്തക്കോസ്ത് നേതാക്കൻമാർ ഈ സ്ത്രീയെ പ്രവാചകിയായി കൊണ്ടുനടക്കുന്നു.

ഇതിന്റെ പിന്നിൽ മറ്റൊരു ഉപകഥകൂടിയുണ്ട്. എട്ടു വർഷം മുൻപ് ടി.ജെ.ശാമുവലിന് എ.ജിയിലെ അധികാരങ്ങൾ നഷ്ടപ്പെട്ടു. അതോടെ ഈ ചങ്ങാതി വിശുദ്ധിയുടെ നിറകുടമായിമാറി. മുണ്ടേ ഉടുക്കൂ. സൗമ്യമായേ സംസാരിക്കൂ. സകല അധികാരക്കസേരകളും സാത്താന്യമാണ്. അതുകൊണ്ട് അവയൊക്കെ ഉപേക്ഷിക്കുന്നു. ഭാരത സുവിശേഷീകരണം മാത്രം ലക്ഷ്യം.

അക്കാലത്ത് ടി.ജെ.ശാമുവലിനും ഉണ്ടായി ഇത്തരം ഒരു വെളിവുകേട്. 2020 ആകുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാജ്യമാകും. ഈ വിവരക്കേടു വിശ്വസിക്കാൻ ആളുണ്ടായില്ല. ക്രമേണ ടി.ജെയും അതൊക്കെ മറന്നു. അങ്ങനെയിരിക്കുമ്പോഴാണ് ആഞ്ജലിക്കാ പ്രവചനവുമായെത്തിയത്. രണ്ടും ഒരാത്മാവു തന്നെ. അതുകൊണ്ട് ടി.ജെ. ശാമുവൽ ഈ ഭോഷ്ക്കിന്റെ പ്രചരണത്തിന് എല്ലാവിധ സഹായവും ചെയ്തുവരുന്നു.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുറിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ബഥേൽ വന്നു, കണ്ടു, മടങ്ങി

ബഥേൽ ഇന്ത്യയിൽ വന്നു, ഓടിനടന്നു, ജീവനുംകൊണ്ടു കടന്നു. ഇപ്പോൾ അമേരിക്കയിലിരുന്ന് വീരസ്യം പറയുന്നു.

ബഥേലിന്റെ ഇന്ത്യാ സന്ദർശനങ്ങളെല്ലാം പണ്ട് ഉല്ലാസ യാത്രകളായിരുന്നു. ഭാരത സുവിശേഷീകരണത്തിന്റെ പേരു പറഞ്ഞ് പിരിച്ചെടുത്ത പണം പോക്കറ്റിൽ. ചെല്ലുന്നിടത്തെല്ലാം മീറ്റിംഗുകൾ. അന്തിക്കൂട്ടിന് വിവിധ രൂപത്തിലും ഭാവത്തിലുമുള്ള പെണ്ണുങ്ങൾ. അങ്ങനെ എന്തെല്ലാം. പക്ഷേ അതൊന്നുമല്ല ഇത്തവണ സംഭവിച്ചത്. വാലുപോലെ ഭാര്യയും ഒപ്പം ഇറങ്ങിത്തിരിച്ചു. അതുകൊണ്ട് മറ്റു പെണ്ണുങ്ങളെയൊന്നും ഏഴയലത്ത് അടുപ്പിച്ചില്ല. നേഴ്സിനെ കണ്ടുമില്ല. അതുകൊണ്ട് ഒരു ഗുണമുണ്ടായി. ബഥേൽ വ്യഭിചാരിയാണെന്നും ഇന്ത്യയിൽ അയാൾക്ക് നിരവധി വെപ്പാട്ടിമാരുണ്ടെന്നും ഡിഫെൻഡർ പറയുന്നത് കള്ളമാണെന്ന് ബഥേലിന്റെ ഭാര്യ നേരിൽ കണ്ടു ബോദ്ധ്യപ്പെട്ടു. കാണുന്നവരോടെല്ലാം അവർ ഈ കാര്യം പറയുന്നുമുണ്ട്. ഭാര്യ കൂടെയുണ്ടായിരുന്നതുകൊണ്ട് ബാലന്റെ മറ്റൊരു തന്ത്രം പാളുന്നതും അവർ നേരിൽ കണ്ടു ബോദ്ധ്യപ്പെട്ടു. സംഭവം ഇതാണ്: വഴിയാത്രയ്ക്കിടയിൽ ബഥേലിന്റെ ഭാര്യ ഒന്നു വീണു. പക്ഷേ അത്ഭുതമെന്നു പറയട്ടെ, ഒന്നും പറ്റിയില്ല. അങ്ങനെ ബാലൻ വീണ്ടും തോറ്റു. (തോൽവികൾ ഏറ്റുവാങ്ങാൻ ഇനിയും ബാലന്റെ ജീവിതം ബാക്കി).

ഗുജറാത്തിലുള്ള കുറെ സ്ഥലം വിൽക്കുക എന്നത് ബഥേലിന്റെ പ്രധാന പരിപാടികളിൽ ഒന്നായിരുന്നു. പക്ഷേ ബഥേൽ അതു മനസ്സിൽ കണ്ടപ്പോൾ ഡിഫെൻഡർ അതു വാർത്തയാക്കി. അതുകൊണ്ട് സ്ഥലം വില്പനയുടെ കാര്യം മിണ്ടിയതേയില്ല. തന്റെ ഒപ്പം ഇപ്പോഴും ആളുകളുണ്ട് എന്നു വരുത്തി തീർക്കാൻ മീറ്റിംഗുകൾ വിളിച്ചു കൂട്ടിയെങ്കിലും ഫലിച്ചില്ല. വന്നുകൂടിയവരിൽ ഭൂരിപക്ഷവും കാഴ്ചക്കാരായിരുന്നു. അതുകൊണ്ട് ഗുജറാത്തിൽ ബഥേലിനെതിരെ പ്രവർത്തിക്കുന്നവരെ കള്ളക്കേസ്സിൽ കുടുക്കി ഒതുക്കാൻ 50,000 രൂപ ഒരാൾക്ക് അഡ്വാൻസായി കൊടുത്തിട്ട് സ്ഥലം വിട്ടു.



മദ്ധ്യപ്രദേശിൽ കുറെ ദിവസങ്ങൾ തങ്ങുന്ന പതിവ് ബഥേലിനുള്ളതാണ്. പക്ഷേ ഇത്തവണ അവിടെ തങ്ങിയില്ല. നേരെ കാശിക്കു വിട്ടു. എന്തിന്? കാരണമുണ്ട്. കാശിനാഥന് ബഥേലിന്റെ രഹസ്യങ്ങളെല്ലാം അറിയാം. ഈയിടെയായി അയാൾ അല്പം പിണക്കത്തിലാണ്. ബഥേലിനെ സ്വീകരിക്കാൻ അയാൾ എയർപോർട്ടിൽ വന്നതുമില്ല. എങ്ങനെയെങ്കിലും അയാളെ സമാധാനിപ്പിക്കണം. അങ്ങനെ അവിടെയെത്തി കാശിനാഥനെ സോപ്പിട്ടു. കാശിയിൽ ഒരു വീട് ഫ്രീ. നാട്ടിൽ ഒരു ബംഗ്ലാവ് കൊടുത്തിട്ടുള്ളതാണ്. ഇരിക്കട്ടെ കാശിയിലും ഒരെണ്ണം. ഒറീസ്സയെ സഹായിക്കാനെന്ന പേരിൽ കുറെ പണം പിരിച്ചിരുന്നു. അതുപയോഗിച്ച് ഒരു പുതിയ സ്ക്കോർപ്പിയോ വാങ്ങി. പല സ്ഥലങ്ങളിൽ നിന്നായി ഒറീസ്സയുടെ കുറെ ചിത്രങ്ങൾ സംഘടിപ്പിച്ചു. എല്ലാം കഴിഞ്ഞ് ബഥേലും പൊണ്ടാട്ടിയും സസുഖം അമേരിക്കയിൽ തിരിച്ചെത്തി.

ഒറീസ്സയിലെ സ്ഥിതിയേക്കുറിച്ച് ബഥേൽ ഏറെ പറഞ്ഞു. സ്ലൈഡുകൾ കാണിക്കയും ചെയ്തു. ബാലനെ വെല്ലുവിളിക്കാനും ബഥേൽ മറന്നില്ല. ബാലൻ എത്ര ശ്രമിച്ചാലും ബഥേൽ കലാപരിപാടി തുടരും. കാശിനാഥൻ വാടക വീട്ടിൽ കിടക്കുന്ന ദു:ഖകരമായ കാര്യം ബഥേലും ഭാര്യയും വിവരിച്ചു. എത്രയും വേഗം അവന് ഒരു വീടുവച്ചുകൊടുക്കണം. അതിനായി ഒരു ഫണ്ട് ശേഖരണം നടത്താൻ പദ്ധതിയിട്ടുകഴിഞ്ഞു. മാത്രമല്ല ബാലന്റെ കഥ കഴിച്ചിട്ടുതന്നെ ഇനി കാര്യം. അതിനായി ബഥേലും ഭാര്യയും കൂടി പ്രാർത്ഥിക്കാൻ തീരുമാനിച്ചതായും സഭയിൽ പ്രഖ്യാപിച്ചു.

# ഇയാളെ കണ്ടവരുണ്ടോ?



ഫോട്ടോയിൽ കാണുന്ന ഈ വിദ്വാനെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടതായി ഓർമ്മയുണ്ടോ? പേര് ബിനു. ഉഗ്രൻ പ്രവാചകനാണ്. ഇവൻ ചില മാസങ്ങൾക്കു മുൻപ് ഇംഗ്ലണ്ടിൽ എത്തിയിരുന്നു. ഏതു കള്ളനേയും സ്വീകരിക്കുക, അധ്വാനിച്ചുണ്ടാക്കിയ പണം കൊടുക്കുക തുടങ്ങിയതൊക്കെ സ്ഥിരം പരിപാടിയാക്കിവച്ചിരിക്കുന്ന കുറെ വിഡ്ഢികൾ ഇംഗ്ലണ്ടിലുണ്ട്. അവർ ഈ വിദ്വാനേയും സ്വീകരിച്ചു. വീടുകൾ തോറും കൊണ്ടു നടന്നു പ്രവചനം കേട്ടു. പെൺകുട്ടികളോട് അതീവ രഹസ്യമായി പ്രവചനം പറഞ്ഞു. അങ്ങനെ പ്രവാചകൻ കുറച്ചധികം പണം സമ്പാദിച്ചു. എല്ലാം ശുഭമായി എന്നു പറയാവുന്ന സ്ഥിതി.

അങ്ങനെയിരിക്കുമ്പോഴാണ് ചില പെൺകുട്ടികൾക്ക് പ്രവാചകന്റെ ഫോൺ കിട്ടാൻ തുടങ്ങിയത്. ആത്മീയതയിൽ നിന്ന് വിഷയം വാത്സ്യായനകലയിലേക്കു തിരിയുന്നു. ആഭാസൻമാർ പോലും പറയാൻ അറെയ്ക്കുക വിധത്തിലാണ് സംഭാഷണം. ആദ്യമൊക്കെ പലരും സഹിച്ചു. പക്ഷേ ഫോൺ വിളി സ്ഥിരം പരിപാടി ആയതോടെ പല പെൺകുട്ടികളും മടുത്തു. അവർ മാതാപിതാക്കളെ വിവരം അറിയിച്ചു. എല്ലാവരും ചേർന്ന് പ്രവാചകനെ ഇന്ത്യയിലേക്കു കയറ്റിവിട്ടു.

ഇംഗ്ലണ്ടിൽ ഈ പണി കാണിച്ചവൻ ഉലകമെമ്പാടും ഇതുതന്നെ കാണിക്കാനാണു സാദ്ധ്യത. അതുകൊണ്ട് ഇവനേക്കുറിച്ച് പൊതുജനങ്ങൾക്കു മുന്നറിയിപ്പു കൊടുക്കണം. അതിന് നിങ്ങൾ ഇവനേക്കുറിച്ചുള്ള വിവരങ്ങൾ അയച്ചുതരുക.

# ചാർളി മുങ്ങി

കോട്ടയം കഞ്ഞിക്കുഴിയിൽ ഡിവൈൻ ഫെസ്റ്റ് എന്ന പേരിൽ സുവിശേഷമോഷണം നടത്തിയിരുന്ന ചാർളിയെ ഡിഫൻഡറിന്റെ വായനക്കാർക്ക് വിശേഷിച്ചു പരിചയപ്പെടുത്തേണ്ടതില്ല. പവ്വർ വിഷനിലൂടെ പോപ്പുലറായ ഇവൻ ലോകമെമ്പാടും നടന്ന് തട്ടിപ്പു നടത്തി. ഇവൻ തട്ടിപ്പുകാരനാണെന്നും ദൈവവുമായി ബന്ധമുള്ളവനല്ലെന്നും ഡിഫെൻഡർ പലവട്ടം എഴുതിയെങ്കിലും വിശ്വസിച്ചവർ ചുരുക്കം. പക്ഷേ ഇപ്പോഴിതാ സത്യം പുറത്തു വന്നിരിക്കുന്നു. പലരിൽ നിന്നായി ഒന്നരക്കോടിയോളം രൂപ തട്ടിയെടുത്തുകൊണ്ട് ചാർളി മുങ്ങിയതായി പ്രധാന പത്രങ്ങളിലെല്ലാം വാർത്ത വന്നിരിക്കുന്നു. ഡിഫെൻഡർ നുണ എഴുതിവിടുന്ന പത്രമാണെന്നു ധരിച്ചു വച്ചിരിക്കുന്ന പമ്പര വിഡ്ഢികളുടെ അറിവിലേക്കായി പറയട്ടെ: ഡിഫെൻഡർ സത്യം മാത്രം പറയുന്ന പത്രമാണ്. മറ്റുള്ളവർ കാണാത്ത സത്യം കാണാനും അത് തുറന്നു പറയാനും ഡിഫെൻഡറിനു കഴിയുന്നു എന്നതാണ് പ്രത്യേകത. മറ്റു പത്രങ്ങൾ ഇപ്പോൾ പറയുന്നത് ഡിഫെൻഡർ ചില മാസങ്ങൾക്കു മുൻപേ പറഞ്ഞു എന്നുമാത്രം.

# സെമിനാരി അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം കൊടുക്കുമെന്ന്

സെമിനാരിയിലെ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം കൊടുക്കുമെന്ന്. പറയുന്നത് പ്രവാചകിയായ അഞ്ഞിലിക്ക ആയതുകൊണ്ട് വിശ്വസിക്കാതെ തരമില്ല. പക്ഷേ സംഗതി നടന്നുകിട്ടാൻ 2020 വരെ കാത്തിരിക്കണം. മനസ്സിലായില്ലേ? എങ്കിൽ വിശദീകരിക്കാം:

ആഞ്ഞിലിക്കായുടെ പ്രവചനം അനുസരിച്ച് 2020ൽ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകും. ഇന്ത്യ ഭരിക്കുന്നത് ക്രിസ്ത്യാനികളായിരിക്കും. ക്രിസ്ത്യാനികളുടെ സർക്കാർ ക്രിസ്ത്യാനികൾക്ക് എല്ലാവിധ സഹായവും ചെയ്യും. അവയിൽ ഒന്നാണ് സെമിനാരിയിലെ അദ്ധ്യാപകർക്ക് സർക്കാരിൽ നിന്നു ശമ്പളം കൊടുക്കുക എന്നുള്ളത്. പ്രിയ സഹോദരങ്ങളേ, എത്രയും വേഗം ഇവളെ പിടിച്ച് ഏതെങ്കിലും മാനസികരോഗാശുപത്രിയിൽ ആക്കുക.

# വിദേശസഹായം സ്വീകരിക്കുന്നത് സർക്കാർ തടഞ്ഞു

എഫ്.സി.ആർ.എ. നിയമപ്രകാരം വിദേശ സഹായം സ്വീകരിച്ചു വരുന്ന 45 സംഘടനകളുടെ അനുമതി തടഞ്ഞുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ഈ സംഘടനകളുടെ വിശദ വിവരങ്ങൾ ഇതാണ്:

**List of organizations placed in Prohibited category U/S 10 of FCRA from receiving any foreign contribution.**

1. Action for people's Participation and Environmental Care, Ernakulam
2. Social Action Movement of Idukki, Pulianmela- 685565
3. Society for Action with the Poor, Pannivizha, Adoor P.O.
4. Islamiya College kuttiadi, Calicut Dist. Kerala,
5. Community Service Society, Asaripallam, Nagercoil.
6. Society for People's Action for Development, Andhra Pradesh.
7. Vikash Parishad Gandhi Nagar, Korsput, Orissa.
8. Children's Development Communities India, Calcutta.
9. Association Madras Church of Christ, Nungambakkam, Madras.
10. New Life Community Development Society, Ajmer Road, Jaipur.
11. Tibetan Culture & Education Foundation, Bangalore.
12. J & K Muslim Conference Wazirabad, Sardar Manzil, J &K.
13. Falah – e- Aam Trust, Baramula ( J & K).
14. Public Relief Trust, Srinagar (J & K).
15. Akandar Tryst, Srinagar (J & K).
16. Anjumane Hussamia Educational Association, Hyderabad.
17. Asian Aid Organisation Welfare Trust, Jeevanahalli, Bangalore.
18. Christ's Helping Hand children's Home, Rajahmundry, Andhra.
19. Pragati Orphen Home, Tanuku, Andhra Pradesh.
20. Aware (India) foundation (AIF), Hyderabad, Andhra Pradesh.
21. Watch Tower Bible & Tract Society, Lonavla, Maharashtra.
22. Tamil Nadu Muslim Munnetra Kazhagam, Chennai.
23. SAHARA, Kalahandi, P.O. Numper, Orissa- 766102.
24. M. A. Wahab Islamic Public School, Usmanganj, Lilong, Manipur.
25. Haryanvi Organisation for Progress and Ecology, Haryana.
26. Idar-E-Talimate Islamia, Jamalpur Road, Ahmedabad.
27. Apostolic Christian Assembly, Chandigarh Ministry, Chandigarh.
28. Congregation of the Daughters of St. Anne,West Bengal- 735101
29. Jamai Atul Falah, Bilariganj, Azamgarh, UP.
30. Development Organisation for Women, Dindigul (TN).
31. Saraswati Charitable Trust, M-109, New Delhi-48.
32. Adima Jati Seva Samiti (AJSS), Kandhamal, Orissa- 762002
33. Health Education Development Society, Khurda, Orissa.
34. Reach Valley View Academy, Indore, Madhya Pradesh.
35. Reach in the Nilgiris, Madambakkam, Chennai-600073.
36. Shrimati Jashoda Devi Foundation, Uttaranchal.
37. Khwaja Khushhal Charitable Trust, Uttar Pradesh-251316
38. Iqra Education Society, Haji Gulam Nagar, Mehrun Jalgaon.
39. Church of Christ Trust, Dindigul, Tamilnadu.
40. Society of Daughters of St. Camillus, St. Thomas Town, Bangalore
41. Society of Daughters of St. Camillus, Tadepalligudem, Andhra.
42. Society of Daughters of St. Camillus, Pedatadepalli, Andhra.
44. Jameah Rashidiyah Trust, Surat, Gujarat-394110
45. Khair-e-Ummat Trust (KEUT), Mumbai-400009



# മോനച്ചൻ പ്രവാചകന് എന്താണു കുഴപ്പം?

മോനച്ചൻ പ്രവാചകനേക്കുറിച്ച് കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ വന്ന വാർത്ത വായിച്ച പലരും കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ട് ഡിഫെൻഡറുമായി ബന്ധപ്പെടുകയുണ്ടായി. ഇയാളേക്കുറിച്ച് കേട്ടിട്ടുപേലുമില്ലാത്തവരാണ് ഭൂരിപക്ഷം. ഈ കള്ളന്റെ തട്ടിപ്പിന് ഇരയാകാതിരിക്കാൻ ആവശ്യമായ വിവരമാണ് അവർക്കു വേണ്ടത്. ഇയാളെ നേരിട്ട് അറിയാവുന്നവർ രണ്ടു വിധത്തിലാണ് പ്രതികരിച്ചത്. മോനച്ചൻ ഒന്നാംതരം പ്രവാചകനാണെന്നും ഒരു വിധത്തിലുള്ള കുഴപ്പവും ഇല്ലെന്നും ഡിഫെൻഡർ എന്തോ തെറ്റിദ്ധാരണമൂലം ഇങ്ങനെ എഴുതുകയാണെന്നും അവർ വാദിക്കുന്നു. എന്നാൽ ഇയാളുടെ തട്ടിപ്പുകളേക്കുറിച്ച് കുറെയൊക്കെ അറിയാവുന്നവർ ഇപ്പോഴെങ്കിലും ഇതൊക്കെ പുറത്തു വന്നല്ലോ എന്നു പറഞ്ഞ് ആശ്വസിക്കുന്നു.

ആരാണ് മോനച്ചൻ? ഇയാൾ പത്തനാപുരം സ്വദേശിയാണ്. വിദ്യാഭ്യാസം കഷ്ടിപിഷ്ടി. ആരേയും കറക്കിയടിക്കാൻ വിദഗ്ദ്ധൻ. എന്തും ചെയ്യാൻ മടിയില്ലാത്തവൻ. എതിർക്കുന്നവരെ സർവ്വ ശക്തിയും ഉപയോഗിച്ച് പീഡിപ്പിക്കും, തകർക്കും.

ഡിഫെൻഡറിൽ വന്ന വാർത്ത പത്തനാപുരത്ത് ഏറെ പ്രചാരം നേടി. പലരും ഈ വാർത്തയുടെ ഫോട്ടോസ്റ്റാറ്റ് എടുത്ത് വിതരണം നടത്തി. അങ്ങനെ സംഭവം പത്തനാപുരത്തു പാട്ടായി. ഇതൊക്കെ നടക്കുമ്പോൾ ഇയാളുടെ ഭാര്യയും മകളും പത്തനാപുരത്തുണ്ടായിരുന്നു. നാട്ടുകാരുടെ എതിർപ്പ് ശക്തമായതോടെ അവർ സ്ഥലം വിട്ടു. ഇപ്പോൾ അവർ മോനച്ചനോടൊപ്പം അബുദാബിയിലുണ്ട്.

തികച്ചും അപ്രതീക്ഷിതമായി ഡിഫെൻഡറിൽ വാർത്ത വന്നതോടെ മോനച്ചൻ ഞെട്ടിപ്പോയി. തന്നെ എതിർക്കാൻ ആരും ധൈര്യപ്പെടുകയില്ല എന്നായിരുന്നു ഇയാളുടെ ധാരണ. ഡിഫെൻഡറിന്റെ വായ് അടപ്പിക്കാനുള്ള ശ്രമമായി പിന്നീട്. നേരിൽ ഫോൺ വിളിക്കയോ മറ്റു വിധത്തിൽ ബന്ധപ്പെടുകയോ ചെയ്തില്ല. പക്ഷേ മറ്റുള്ളവരെ ഉപയോഗിച്ച് സ്വാധീനിക്കാൻ ശ്രമിച്ചു. അതു നടക്കില്ല എന്നു വ്യക്തമായപ്പോൾ ഭീഷണിയായി. ബാലനെ തട്ടിക്കളയും എന്നും മറ്റും പറഞ്ഞു നടക്കുകയാണിപ്പോൾ.

ഡിഫെൻഡറിനു വിവരം തന്നത് ആരാണെന്നു മോനച്ചനു പിടി കിട്ടിയില്ല. അതുകൊണ്ട് തന്റെ രഹസ്യങ്ങൾ അറിയാവുന്ന എല്ലാവരേയും വിളിച്ച് ഭീഷണിപ്പെടുത്തി. ഇനി ഡിഫെൻഡറിൽ വാർത്ത വന്നാൽ അതിന്റെ ഫലം അവർ അനുഭവിക്കും എന്നായിരുന്നു ഭീഷണി. ഇതുകേട്ട് ചിലർ ഭയപ്പെട്ടു. മോനച്ചനേക്കുറിച്ച് ഇനി ഡിഫെൻഡറിൽ എഴുതിയാൽ തങ്ങളുടെ ജീവൻ പോലും നഷ്ടമാകും എന്നു പറഞ്ഞുകൊണ്ട് പലരും ഡിഫെൻഡർ ഓഫീസിലേക്കു വിളിച്ചു. പക്ഷേ ഇവരുമായൊന്നും ഡിഫെൻഡറിന് പരിചയമോ ബന്ധമോ ഇല്ല. മോനച്ചനേക്കുറിച്ച് ഡിഫെൻഡറിൽ വാർത്ത വന്നാൽ മോനച്ചൻ ഇവരെ കൊല്ലുമത്രേ. പക്ഷേ ഇതൊക്കെ കേട്ട് എഴുത്തു നിർത്താൻ ഡിഫെൻഡറിനു പറ്റില്ലല്ലോ. അതുകൊണ്ട് മോനച്ചൻ എന്ന കള്ളപ്രവാചകനേക്കുറിച്ച് ഡിഫെൻഡർ എഴുതുകയാണ്. മോനച്ചന് എന്തു ചെയ്യാൻ കഴിയുമോ അതു ചെയ്യുക.

വെറും ഒരു കള്ളപ്രവാചകൻ മാത്രമാണ് മോനച്ചൻ എങ്കിൽ എത്ര പ്രാധാന്യത്തോടെ ഡിഫെൻഡർ ഇയാളേക്കുറിച്ച് എഴുതുമായിരുന്നില്ല. ഇയാൾ ഒരു നിംഫോമാനിയാക്കാണ് എന്നതാണു പ്രശ്നം. യാതൊരു കുറ്റബോധവും കൂടാതെ എത്ര വലിയ ലൈംഗിക കുറ്റകൃത്യങ്ങളും ചെയ്യും. കുറ്റവാളികൾക്ക് (കെ.സി. ജോൺ പറഞ്ഞതുപോലെ) ഒരു മോഡസ് ഓപ്പറാണ്ടി ഉണ്ടായിരിക്കും. ഉദാഹരണത്തിന് ടി.എസ്. ഏബ്രഹാം ബൈബിൾ കോളേജിൽ പഠിക്കാൻ എത്തുന്ന പെൺകുട്ടികളെയാണ് വ്യഭിചരിച്ചിരുന്നത്. അന്യന്റെ ഭാര്യയെ അയാൾ വ്യഭിചരിച്ചതായി അറിവില്ല. പക്ഷേ അതല്ല കെ.സി.ജോണിന്റെ സ്ഥിതി. മറ്റുള്ളവരുടെ ഭാര്യമാരിലാണ് കെ.സി.ജോണിന് താല്പര്യം. അവിവാഹിതകളായ സ്ത്രീകളെ വളരെ അപൂർവ്വമായി മാത്രമേ ഇയാൾ വ്യഭിചരിച്ചിട്ടുള്ളൂ. പ്രായം, രൂപം, ഭാവം തുടങ്ങിയ പരിഗണനയൊന്നുമില്ലാതെ മോനച്ചൻ വ്യഭിചരിക്കുമെങ്കിലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാൽസംഗം ചെയ്യുന്നതിലാണ് മോനച്ചന് ഏറെ താല്പര്യം. ഇത്തരം നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രാർത്ഥനക്കായി എത്തിയ ഒരു പെൺകുട്ടിയെ ഇയാൾ തന്ത്രപൂർവ്വം കുരുക്കിൽപെടുത്തി ബലാൽസംഗം ചെയ്തു. ആ കുട്ടിയുടെ മാതാപിതാക്കൾ പാവങ്ങളായതുകൊണ്ടും പ്രശ്നം പുറത്തറിഞ്ഞാൽ മകളുടെ ഭാവി തകരും എന്നതുകൊണ്ടും അവർ സംഭവം രഹസ്യമാക്കിവച്ചു. ഈ പെൺകുട്ടി ക്രിസ്ത്യാനിപോലുമല്ലെന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

ഇതിലും ഹീനമായ മറ്റൊരു സംഭവം പറയാതെ വിടാൻ പറ്റില്ല. മോനച്ചൻ ഗൾഫിൽ മറ്റൊരു കുടുംബത്തോടൊപ്പം താമസിക്കുന്ന കാലം. ഒൻപതു വയസ്സുള്ള സ്വന്തം മകളെ വീട്ടിലാക്കിയിട്ട് മാതാപിതാക്കൾ ജോലിക്കുപോയി. രക്തബന്ധം വച്ചു പറഞ്ഞാൽ ഈ പെൺകുട്ടിയെ മോനച്ചൻ സ്വന്തം മകളേപ്പോലെ കാണേണ്ടതാണ്. ജോലി കഴിഞ്ഞു തിരിച്ചെത്തിയ മാതാവിന് മകളുടെ പെരുമാറ്റത്തിൽ എന്തോ പന്തികേടുതോന്നി. രഹസ്യമായി വിവരം അന്വേഷിച്ചപ്പോഴാണ് കാര്യം പിടികിട്ടിയത്. അക്ഷരാർത്ഥത്തിലുള്ള ബലാൽസംഗം ഒഴികെ എല്ലാം അവിടെ നടന്നിരിക്കുന്നു. അന്നുതന്നെ അവർ മോനച്ചനെ ഇറക്കിവിട്ടു. ഈ വിധത്തിൽ നിരവധി സംഭവങ്ങളുണ്ട്. എല്ലാം തുടർന്നുള്ള ലക്കങ്ങളിൽ വിശദമായി പറയാം.

അല്പം മന:ശാസ്ത്രം പ്രയോഗിച്ചാണ് മോനച്ചൻ മറ്റു സ്ത്രീകളെ വീഴ്ത്തുന്നത്. പ്രാർത്ഥനയ്ക്കെത്തുന്ന സ്ത്രീകളെ ഒറ്റക്കു കിട്ടുമ്പോൾ ഇയാൾ ദൈവം നൽകിയ വെളിപ്പാടെന്ന രൂപത്തിൽ ചില കാര്യങ്ങൾ പറയും: നിങ്ങളുടെ ചെറുപ്പകാലത്ത് നടന്ന ചില സംഭവങ്ങൾ കർത്താവ് എന്നെ കാണിച്ചു. അതു ഭർത്താവോ മറ്റുള്ളവരോ അറിഞ്ഞാൽ പ്രശ്നമാകും. അതുകൊണ്ട് എല്ലാം ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കണം. ഏതു സ്ത്രീയുടേയും ജീവിതത്തിൽ ചെറുതോ വലുതോ ആയ തെറ്റുകൾ ഉണ്ടായിരിക്കും. അതെല്ലാം മോനച്ചൻ പ്രവാചകൻ നേരിൽ കണ്ടു എന്നറിയുന്നതോടെ അവർ തകർന്നുപോകും. പ്രവാചകൻ ഇത് ആരോടെങ്കിലും പറഞ്ഞാൽ കുഴയും. പക്ഷേ മോനച്ചന് ഒരു ചുക്കും അറിഞ്ഞുകൂടാ എന്ന വസ്തുത ഈ പാവം സ്ത്രീകൾ മനസ്സിലാക്കാറില്ല.

ഭയന്നു വിറച്ചു പോകുന്ന ഈ സ്ത്രീകൾ നടന്നതെല്ലാം പ്രവാചകനോട് ഏറ്റു പറയും. അതെല്ലാം ദൈവം ക്ഷമിക്കാനായി പ്രവാചകൻ പ്രാർത്ഥിക്കയും ചെയ്യും. പക്ഷേ അതോടെ ആ സ്ത്രീയുടെ കഷ്ടകാലം തുടങ്ങുകയായി. മോനച്ചന്റെ ഇംഗിതത്തിന് അവർ വഴങ്ങേണ്ടതായി വരുന്നു. വഴങ്ങിയില്ലെങ്കിൽ ഭർത്താവ് ഉൾപ്പെടെയുള്ളവർ തന്റെ കഴിഞ്ഞകാല രഹസ്യങ്ങൾ അറിയും. അത് ഒഴിവാക്കാതെ പറ്റില്ല. അങ്ങനെ ആ സ്ത്രീ മോനച്ചന്റെ നിരവധി വെപ്പാട്ടികളിൽ ഒരാളായി മാറുന്നു. കാര്യങ്ങളൊക്കെ രഹസ്യമായതുകൊണ്ട് ഭർത്താവുപോലും അറിയുകയുമില്ല. ഇങ്ങനെ കുരുക്കിൽ വീഴുന്ന സ്ത്രീ പണക്കാരിയാണെങ്കിൽ മോനച്ചൻ കോളടിച്ചു. പല വിധ ആവശ്യങ്ങൾ പറഞ്ഞ് മോനച്ചൻ പണം വാങ്ങും. ഭർത്താവ് അറിയാതെയാകും ഇങ്ങനെ പണം കൊടുക്കുക. ന്യൂയോർക്കിലുള്ള ഒരു സ്ത്രീയിൽ നിന്ന് മോനച്ചൻ ഇങ്ങനെ 25 ലക്ഷം രൂപയാണ് തട്ടിയെടുത്തത്. ഒടുവിൽ സംഭവം ഭർത്താവ് കണ്ടുപിടിക്കയും പ്രശ്നം വിവാഹമോചനത്തിൽ കലാശിക്കയും ചെയ്തു. (തുടരും).


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# ഷാജി സുകുമാരൻ: തട്ടിപ്പിന്റെ അവതാരം

ഹൂസ്റ്റണിൽ കൊടുങ്കാറ്റടിക്കാൻ പോകുന്നു എന്ന വിശ്വവിഖ്യാതമായ പ്രവചനം നടത്തിയ റവ.ഡോ.ഷാജി സുകുമാരനേപ്പറ്റി ഈയിടെ ഡിഫെൻഡർ ചില അന്വേഷണങ്ങളൊക്കെ നടത്തി. ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് എന്നൊരു ഓൺലൈൻ പത്രം ഇയാൾ നടത്തുന്നുണ്ടെന്ന് അറിഞ്ഞു. (പത്രം നടത്തുന്നത് തെറ്റല്ല). മിറാക്കിൾസ് റേഡിയോ എന്ന പേരിൽ ഒരു മലയാളം ഇന്റർനെറ്റ് റോഡിയോയും ബ്ലസ്സിംഗ് റോഡിയോ എന്ന പേരിൽ ഒരു തമിഴ് ഇന്റർനെറ്റ് റേഡിയോയും ഇയാൾ നടത്തുന്നതായും കണ്ടെത്തി. അതും തെറ്റല്ല. കേബിൾ നെറ്റ്‌വർക്ക് വഴി ഇന്ത്യയിലും ഇന്റർനെറ്റ് വഴി വിദേശരാജ്യങ്ങളിലും സുവിശേഷം പ്രചരിപ്പിക്കാൻ ഒരു ടി.വി ചാനൽ തുടങ്ങാൻ ഇയാൾക്കു പദ്ധതിയുള്ളതായി കേട്ടു. സത്യസുവിശേഷം പ്രചരിപ്പിക്കുന്ന ഇത്തരം ഒരു ചാനൽ ഉണ്ടാകുന്നതു നല്ലതുതന്നെ. അങ്ങനെ കുറെ നല്ല കാര്യങ്ങൾ ആദ്യം അറിഞ്ഞു. പക്ഷേ പിന്നീട് അറിഞ്ഞതെല്ലാം ഭീകരമായിരുന്നു. സംശയം തീർക്കാൻ വിശദമായ അന്വേഷണം നടത്തി. അങ്ങനെ വസ്തുതകൾ വ്യക്തമായി മനസ്സിലാക്കിയിട്ടാണ് ഈ കുറിപ്പ് എഴുതുന്നത്.

സുവിശേഷത്തിന്റെ പേരുപറഞ്ഞ് ജനവഞ്ചന നടത്തുന്നവർ നിരവധിയുണ്ട്. പക്ഷേ ഷാജി സുകുമാരൻ ഇക്കാര്യത്തിൽ ചില പ്രത്യേകതകളുള്ളവനാണ്. പാവപ്പെട്ടവൻ അധ്വാനിച്ചുണ്ടാക്കുന്ന ചില്ലിക്കാശു മുതൽ കോടീശ്വരൻമാരുടെ പണം വരെ വാങ്ങിയാണ് ഇയാൾ സുവിശേഷമോഷണം നടത്തുന്നത്. അതു മാത്രമായിരുന്നു പ്രശ്നമെങ്കിൽ ഇത്ര ഗൗരവത്തിൽ എഴുതുമായിരുന്നില്ല. പരമ വിശുദ്ധനും പ്രവാചകനും മറ്റുമായി വേഷം കെട്ടി നടക്കുന്ന ഇയാൾക്ക് ദൈവവുമായി ഒരു ബന്ധവുമില്ല എന്നതാണ് എടുത്തു പറയേണ്ട കാര്യം.

ഇയാളേക്കുറിച്ച് ശരിക്കറിയണമെങ്കിൽ ഇയാളുടെ ഒരു ലഘു ജീവചരിത്രം അറിയണം. തിരുവനന്തപുരം ജില്ലക്കാരനായ ഷാജി സുകുമാരൻ ജൻമം കൊണ്ട് ഹിന്ദുവാണ്. ഇന്ത്യയിൽ വിവിധ ജോലികൾ ചെയ്തശേഷം ഇദ്ദേഹം ബഹ്റിനിൽ എത്തി. അതോടെയാണ് ഷാജി ജനശ്രദ്ധ ആകർഷിച്ചത്. ഏറെ താമസിയാതെ ആലപ്പുഴക്കാരിയായ ഒരു മുസ്ലീം സ്ത്രീയുമായി ഇയാൾ അടുത്തു. അവരെ വിവാഹം കഴിക്കണമെങ്കിൽ മുസ്ലീമാകണം. അതുകൊണ്ട് ഷാജി മതം മാറി മുസ്ലീമായി. ഈ ബന്ധം കുറച്ചുകാലം നിലനിന്നു. അക്കാലത്ത് ഷാജി ഒന്നാംതരം മുസ്ലീമായി ജീവിച്ചു. തൊപ്പിവച്ച് പള്ളിയിൽ പോയി നിസ്ക്കരിച്ചു. പക്ഷേ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഷാജിക്ക് ഈ സ്ത്രീയെ മടുത്തു. എങ്ങനെയെങ്കിലും അവരെ ഒഴിവാക്കണം. പക്ഷേ എങ്ങനെ? വെറുതെ ഉപേക്ഷിച്ചാൽ തടി കേടാകും. അതുകൊണ്ട് ഇവരുടെ വിസ റദ്ദ് ചെയ്യിച്ച് തന്ത്രപൂർവ്വം കയറ്റിവിട്ടു. ഇവർ തിരിച്ച് ബഹ്റിനിൽ എത്താതിരിക്കാൻ വേണ്ട ക്രമീകരണവും ചെയ്തു. അങ്ങനെ ആ പ്രശ്നം തീർത്തു.

ഇനി മുസ്ലീമായിട്ട് ജീവിക്കുന്നതിൽ അർത്ഥമില്ലല്ലോ. അതുകൊണ്ട് ഷാജി തൊപ്പിയൂരിയെറിഞ്ഞ് ക്രിസ്ത്യാനിയായി. വെറും ക്രിസ്ത്യാനിയല്ല തികഞ്ഞ പെന്തക്കോസ്തുകാരൻ. ഒരു പെന്തക്കോസ്ത് സഭയിൽ അംഗത്വവുമെടുത്തു. സഭാപ്രവർത്തനങ്ങളിൽ ഉത്സാഹിയായ ഷാജിയെ ഏവർക്കും ഇഷ്ടപ്പെട്ടു. അങ്ങനെ ഷാജി സഭയിൽ ഒരു പ്രമാണിയായി. ആളുകളെ വലവീശിപ്പിടിക്കുന്നതിൽ വിരുതനായ ഷാജി സാധുക്കളായ നിരവധി ആളുകളെ തന്റെ വലയിലാക്കി. തങ്ങളുടെ വരുമാനം ദൈവവേലക്കായി ചെലവഴിച്ചാൽ ദൈവം നൂറുമടങ്ങായി മടക്കിത്തരുമെന്നും മറ്റും പറഞ്ഞ് മയക്കി പണം പിടുങ്ങി. വളരെ ചെറിയ ശമ്പളത്തിന് ലേബർ ക്യാമ്പുകളിലും മറ്റും ജോലിചെയ്യുന്ന സാധുക്കളുടെ വരുമാനത്തിൽനിന്നുപോലും ഈ നീചൻ ദൈവവേലയുടെ പേരു പറഞ്ഞ് പണം പിരിച്ചു. ഒന്നും രണ്ടും വട്ടമല്ല, വർഷങ്ങളോളം ഈ ചൂഷണം തുടർന്നു. ഇപ്പോഴും തുടരുന്നു.



ഷാജിയുടെ പ്രവർത്തനങ്ങൾ സഭാനേതൃത്വത്തിന് ഉൾക്കൊള്ളാനോ അംഗീകരിക്കാനോ കഴിഞ്ഞില്ല. അതുകൊണ്ട് അവർ ഷാജിയെ താക്കീതുചെയ്തു. പക്ഷേ ഷാജി വഴങ്ങിയില്ല. അക്കാലംകൊണ്ട് ബൈബിളിൽ നിന്നു ചിലതൊക്കെ ഷാജി മനസ്സിലാക്കിയിരുന്നു. വേണ്ടിവന്നാൽ പ്രസംഗം നടത്താമെന്ന നിലയുമായി. സ്വന്തമായി ഒരു സഭയുണ്ടാക്കിയാൽ ബിസിനസ്സ് കൂടുതൽ ജോറാകും എന്നും തോന്നി. അങ്ങനെ ഷാജി സ്വന്തം സഭയുണ്ടാക്കി. ഒപ്പം നിന്നവരേയും ക്യാമ്പുകളിലുള്ളവരേയും പറഞ്ഞുമയക്കി ഒപ്പം നിർത്തി. പക്ഷേ ഒരു പ്രശ്നം. ഷാജിയെ ആരും പാസ്റ്ററായി അംഗീകരിക്കുന്നില്ല. ഒരു ഓർഡിനേഷൻ കിട്ടിയാൽ നന്നായിരിക്കുമെന്ന് ഷാജിക്കു തോന്നി. അതിനുള്ള വഴി ചെകുത്താൻ ഒരുക്കി. തിരുവനന്തപുരത്തുനിന്നുള്ള ഒരു ചുമ്മാ പാസ്റ്റർ ബഹ്റിൻ സന്ദർശനത്തിനെത്തിയത് അക്കാലത്താണ്. അല്പം പണം കൊടുത്തപ്പോൾ അയാൾ ഷാജിയുടെ തലയിൽ കൈവച്ച് പാസ്റ്ററാക്കി.

പാസ്റ്ററായാൽ അടുത്ത പടി റവയാകുകയാണല്ലോ. അതിന് ആരും തലയിൽ കൈ വയ്ക്കേണ്ടതുമില്ല. അതുകൊണ്ട് ഷാജി റവയായി സ്വയം പ്രഖ്യാപിച്ചു. പക്ഷേ ഒരു പ്രശ്നം: റവ. ഷാജി സുകുമാരൻ എന്നു പറയുമ്പോൾ ഒരു പോരായ്മ. ഒരു ഡോയുണ്ടെങ്കിൽ സംഗതി ഗംഭീരമാകും. അഞ്ഞുറോ ആയിരമോ രൂപ കൊടുത്താൽ ഏതു പട്ടിക്കും ഡോ കിട്ടും. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ പട്ടിക്കും പൂച്ചയ്ക്കും ഡോയുണ്ട്. അങ്ങനെ ഷാജിയും ഒരു ഡോ വാങ്ങി. ഇന്നത്തെ റവ. ഡോ. ഷാജി സുകുമാരൻ അവതരിച്ചത് ഈ വിധത്തിലാണ്.

പാസ്റ്ററായതോടെ ഉപവാസം എന്നത് സ്ഥിരം പരിപാടിയാക്കി. 5, 10, 20, 40 എന്നിങ്ങനെ പലവിധത്തിലുള്ള ഉപവാസങ്ങൾ നടത്തി. ഒടുവിൽ കർത്താവിനെ കടത്തിവെട്ടി 51 ദിവസംവരെ ഉപവസിച്ചു. ഇയാൾ എങ്ങനെ 51 ദിവസം ഉപവസിച്ചു എന്ന് ഇതു വായിക്കുമ്പോൾ സംശയംതോന്നാം. സംശയിക്കാൻ ഒന്നുമില്ല. 51 ദിവസം നീളുന്ന ഉപവാസ പ്രാർത്ഥന നടത്തിയെന്നേയുള്ളൂ. ഷാജി പേരിന് ഉപവസിക്കയും ചെയ്തു. ബാക്കിയുള്ള സമയം പതിവുപോലെ ഭക്ഷണം കഴിക്കും. വൈകിട്ട് കിടക്കുന്നത് ഒരു അജ്ഞാത കേന്ദ്രത്തിലാണ്. ആരുടേയും ശല്യം കൂടാതെ രാത്രിയിൽ പ്രാർത്ഥിക്കാമല്ലോ. ഈ പ്രാർത്ഥനയുടെ രഹസ്യം പിന്നെ പറയാം.

ഇക്കാലത്ത് മറ്റൊരു വിവാഹം കഴിക്കാൻ ഷാജി തീരുമാനിച്ചു. ആദ്യ വിവാഹത്തേക്കുറിച്ച് സഭയിലുള്ള മിക്കവർക്കും അറിഞ്ഞുകൂടാ. എന്തിനേറെ പറയുന്നു, ഇടയാറൻമുളക്കാരിയായ ഒരു പെന്തക്കോസ്തുകാരിയെ ഷാജി വിവാഹം കഴിച്ചു.

ഷാജിയുടെ വിവാഹവാർത്ത പുറത്തായതോടെ ഒരു ഭൂകമ്പമുണ്ടായി എന്നു പറയാം. ബഹ്റിനിലുള്ള മറ്റൊരു സ്ത്രീ യക്ഷിയേപ്പോലെ പാഞ്ഞെത്തി. പ്രാർത്ഥനയ്ക്കെന്നു പറഞ്ഞ് ഷാജി അന്തിയുറങ്ങിയിരുന്നത് ഇവരോടൊപ്പമാണ്. ഈ സ്ത്രീയെ വിവാഹം കഴിക്കാമെന്ന് ഷാജി വാക്കു കൊടുക്കുകയും ചെയ്തിരുന്നു. ഒടുവിൽ അവരെ വഞ്ചിച്ചിട്ടാണ് ഷാജി മറ്റൊരു വിവാഹം നടത്തിയത്. തന്നെ ഷാജി വഞ്ചിച്ചു എന്നു ബോദ്ധ്യമായശേഷം ഇവർ ഷാജിക്കെഴുതിയ ഒരു കത്തിന്റെ കോപ്പി ബഹ്റിനിലുള്ള പലരുടേയും കൈയ്യിലുണ്ട്. ഭരണിപ്പാട്ടുപോലും ഈ കത്തിന്റെ മുന്നിൽ ഒന്നുമല്ല. മലയാളത്തിൽ ഇത്രത്തോളം തെറികളുണ്ടോ എന്നുപോലും സംശയിച്ചുപോകുന്ന വിധത്തിലുള്ള ഒരു അസഭ്യ വിജ്ഞാനകോശമാണത്.

പ്രശ്നങ്ങളെല്ലാം തീർന്നപ്പോൾ ഷാജി വീണ്ടും ഉഷാറായി. തമിഴിലും മലയാളത്തിലും ഇന്റർനെറ്റ് റേഡിയോ തുടങ്ങി. ഒപ്പം ഒരു ഓൺലൈൻ പത്രവും ആരംഭിച്ചു. അനാഥശാല, ബൈബിൾ സ്ക്കൂൾ തുടങ്ങി ചില കലാപരിപാടികളുമുണ്ട്. ഒരു കേബിൾ ടി.വി ചാനൽ തുടങ്ങാനുള്ള തയ്യാറെടുപ്പിലാണ് ഈ വിദ്വാനിപ്പോൾ. ദൈവജനം സൂക്ഷിക്കുക.

ഇയാളേക്കുറിച്ച് ഏറെ പറയാനുണ്ട്. അവയെല്ലാം വിശദമായി ഡിഫെൻഡറിന്റെ തുടർന്നുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.




## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**

RNI No. 68089 / 97
2008 November 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ഐ.പി.സിയും കെ.സി.ജോണും പിന്നെ ഞാനും

പെന്തക്കോസ്ത് വിശ്വാസികളിൽ ഭൂരിപക്ഷവും ഏതെങ്കിലും ക്രൈസ്തവ സമുദായത്തിൽ നിന്നു പെന്തക്കോസ്ത് വിശ്വാസത്തിൽ വന്നവരാണ്. ക്രൈസ്തവ സമുദായങ്ങളിൽ പുരോഹിതൻ, മെത്രാൻ തുടങ്ങിയവരെ ദൈവതുല്യരായാണ് കണക്കാക്കുന്നത്. മെത്രാൻമാരെ തിരുമേനിമാർ എന്നാണു വിളിക്കുന്നതും. അവർ അരമനകളിൽ താമസിക്കുന്നു. ഇവരുടെ സഹായം കൂടാതെ ആർക്കും ദൈവത്തെ സമീപിക്കാനാവില്ല. ഇവരോട് എതിർത്താൽ സഭയിൽ നിന്നു മാത്രമല്ല സ്വർഗ്ഗത്തിൽ നിന്നുവരെ പുറത്താകും.

ഇത്തരം സമുദായങ്ങളിൽ നിന്നു വന്നവർക്ക് ഉള്ളിന്റെയുള്ളിൽ ഈ വിശ്വാസാചാരങ്ങൾ ഉണ്ടായിരിക്കും. അവർ പെന്തക്കോസ്തിലെ പാസ്റ്റർമാരെ അച്ചൻമാരായും സെന്റർ പാസ്റ്ററെ മെത്രാനായും കേന്ദ്ര നേതൃത്വത്തിലുള്ളവരെ പരമോന്നത തിരുമേനിമാരായും പരിഗണിക്കുന്നു. ഇവർ ദൈവദാസൻമാരാണെന്നും ഇവരുടെ സഹായം കൂടാതെ നിത്യജീവൻ പ്രാപിക്കാൻ പറ്റില്ലെന്നുമാണു ധാരണ.

ഇതൊന്നും ദൈവവചനത്തിൽ അടിസ്ഥാനമുള്ള കാര്യമല്ല. വീണ്ടുംജനനം പ്രാപിച്ച എല്ലാ വിശ്വാസിയും പുരോഹിതനാണ്, അഭിഷിക്തനുമാണ്. സൂപ്പർ പുരോഹിതനും സൂപ്പർ അഭിഷിക്തനും ദൈവസഭയിലില്ല. ആകെയുള്ള വ്യത്യാസം ശുശ്രൂഷകളിൽ മാത്രമാണ്. അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിങ്ങനെ അഞ്ചുതരം ശുശ്രൂഷകരാണ് ദൈവസഭയിലുള്ളത്. സഭയിലെ ശുശ്രൂഷകരേക്കുറിച്ച് 1 തിമോ. 3:1-13 വിശദീകരിക്കുന്നുണ്ട്. സഭയിൽ നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. അവരുടെ അദ്ധ്യക്ഷനാണ് ബിഷപ്പ് അഥവാ പാസ്റ്റർ. ദൈവവചനം ഇങ്ങനെയൊക്കെയാണു പറയുന്നതെങ്കിലും ഈ വസ്തുതകൾ വിശ്വാസികൾക്ക് അറിഞ്ഞുകൂടാ. ഇവരെ ഇതൊക്കെ പഠിപ്പിക്കേണ്ടത് പാസ്റ്റർമാരാണ്. പക്ഷേ തങ്ങളുടെ അധികാരവും സ്ഥാനവും അപ്രമാദിത്വവും പൊയ്പ്പോകുമെന്ന ഭയം മൂലം പാസ്റ്റർമാർ സത്യം മറച്ചുവയ്ക്കുന്നു. അങ്ങനെ പെന്തക്കോസ്ത് സഭകൾ സമുദായക്കാരുടെ പള്ളിപോലാകുന്നു.

ആദ്യകാലത്ത് പെന്തക്കോസ്തിൽ ഉപദേശിമാർ മാത്രമാണ് ഉണ്ടായിരുന്നത്. പാസ്റ്റർ എന്ന പേരുപോലും ആരും ഉപയോഗിച്ചിരുന്നില്ല. ക്രമേണ ആ സ്ഥിതിക്കു മാറ്റം വന്നു. ഉപദേശിമാരെല്ലാം പാസ്റ്റർമാരായി. ഉപദേശിമാർക്ക് വംശനാശം വരുകയും ചെയ്തു. കുരങ്ങുകൾ പരിണമിച്ച് മനുഷ്യരുണ്ടായി എന്നാണ് പരിണാമ സിദ്ധാന്തം പറയുന്നത്. പക്ഷേ പെന്തക്കോസ്തിൽ നേരെ മറിച്ചാണു സംഭവിക്കുന്നത്. ദൈവദാസൻമാർ സാത്താന്റെ ദാസൻമാരായി പരിണമിക്കുന്നു.

ബൈബിൾ സ്ക്കൂളിൽ നിന്നു പുറത്തിറങ്ങിയാൽ സുവിശേഷകനായി. ചില വർഷങ്ങൾ ഇങ്ങനെ സുവിയായി വിലസിക്കഴിയുമ്പോൾ ഓർഡിനേഷൻ കിട്ടി പാസ്റ്ററാകും. ദൈവവചനം അനുസരിച്ച് പാസ്റ്ററേക്കാൾ വലിയവനാണ് സുവിശേഷകൻ. പക്ഷേ പെന്തക്കോസ്തിൽ സംഗതി തലതിരിഞ്ഞു നിൽക്കയാണ്. സർക്കിൾ മൂത്ത് എസ്.ഐ ആയി എന്നു പറയുന്നതുപോലെ സുവിശേഷകന് ഓർഡിനേഷൻ കിട്ടുമ്പോൾ പാസ്റ്ററാകും. ഏറെ താമസിയാതെ, ഒരു നിഗൂഢ പ്രക്രിയയിലൂടെ, പാസ്റ്റർ റവയുമാകും. അഞ്ഞൂറോ ആയിരമോ മുടക്കാൻ കഴിയുന്ന ആർക്കും ഡോയാകാം. അന്തിമഫലം: റവ.ഡോ.വിഡ്ഢിക്ണാപ്പൻ.

കെ.സി.ജോണിനേക്കുറിച്ചുള്ള ലേഖനത്തിൽ എന്തിനാണ് ഈ കാര്യങ്ങളൊക്കെ പറയുന്നത് എന്നു സംശയമുണ്ടാകാം. വിഷയം വ്യക്തമാക്കാൻ ഇങ്ങനെ പലതും പറയേണ്ടതായി വരുന്നു. കെ.സി.ജോൺ ഒരു പാസ്റ്ററായിരുന്നു. ഇപ്പോൾ റവയാണ്. മൂന്നു ചുമ്മാഡോകളുടെ ഉടമയുമാണ്. ആദ്യത്തെ ഡോ എവിടെനിന്നു കിട്ടി എന്ന് അറിഞ്ഞുകൂടാ. രണ്ടാമത്തെ ഡോ മദ്രാസിൽ നിന്ന് വില കൊടുത്തു വാങ്ങിയതാണ്. ഏഴായിരത്തോളം രൂപ മുടക്കാൻ തയ്യാറുള്ള ആർക്കും ഈ ഡോ വാങ്ങാവുന്നതാണ്. മൂന്നാമത്തെ ഡോ വൽസൻ എഴുതി കൊടുത്തതാണ്. അങ്ങനെ കെ.സി.ജോൺ റവ.ഡോ.കെ.സി.ജോൺ ആയി വിലസുന്നു. ഇവന് ഇനി ഒരു കുറവേയുള്ളൂ: ഒരു ആലിന്റെ. അത് ആസനത്തിൽ കിളിർക്കകൂടി ചെയ്താൽ എല്ലാം തികഞ്ഞു.

ശുശ്രൂഷ തുടങ്ങിയിട്ട് നാല്പതു വർഷത്തിൽ അധികമായി എന്നാണ് കെ.സി.ജോൺ പറയുന്നത്. ഇവൻ വ്യഭിചാരം തുടങ്ങിയിട്ട് അതിലും കൂടുതൽ വർഷങ്ങളായി. എന്നിട്ടും ഇവനെതിരെ ആരും ശബ്ദമുയർത്താത്തതെന്തുകൊണ്ട്? അതിനുള്ള ഉത്തരമാണ് ആദ്യഭാഗത്തു വിവരിച്ചത്. സമുദായത്തിലെ പുരോഹിതന്റെ സ്ഥാനമാണ് പെന്തക്കോസ്തിലെ പാസ്റ്റർക്കുള്ളത്. പുരോഹിതനെ എതിർക്കുന്നത് ദൈവത്തെ എതിർക്കുന്നതിനു തുല്യമാണ്. പാസ്റ്റർമാർ അഭിഷിക്തരാണ്. യഹോവയുടെ അഭിഷിക്തൻമാർക്ക് എതിരായി ഒന്നും പറയരുത്. പറഞ്ഞാൽ ദൈവം



കോപിക്കും. പിടിച്ച് നരകത്തിലിടുകയും ചെയ്യും. അതുകൊണ്ട് കെ.സി.ജോൺ ഉൾപ്പെടെയുള്ള വ്യഭിചാരികൾക്കെതിരെ പെന്തക്കോസ്തിൽ ആരും പ്രതികരിക്കുന്നില്ല.

നാം ശ്രദ്ധിക്കാതെപോകുന്ന ഒരപകടംകൂടി വ്യഭിചാരത്തിനുണ്ട്. ഇതേപ്പറ്റി ദൈവവചനം പറയുന്നതു ശ്രദ്ധിക്കുക: ''നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്ന് അറിയുന്നില്ലയോ? ക്രിസ്തുവിന്റെ അവയവങ്ങളെ ഞാൻ എടുത്തു വേശ്യയുടെ അവയവങ്ങൾ ആക്കാമോ? ഒരുനാളും അരുത്. വേശ്യയോടു പറ്റിച്ചേരുന്നവൻ അവളുമായി ഏകശരീരമാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ഇരുവരും ഒരു ദേഹമായിത്തീരും എന്നുണ്ടല്ലോ. കർത്താവിനോടു പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവ് ആകുന്നു. ദുർന്നടപ്പു വിട്ട് ഓടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്തശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു. 1കൊരി. 6:15-18.

വ്യഭിചാരം എന്നത് തികച്ചും പ്രൈവറ്റായ കാര്യമാണെന്നും മറ്റുള്ളവർ അതിൽ ഇടപെടരുതെന്നും മറ്റും പറഞ്ഞു നടക്കുന്നവർ ഈ വാക്യം ശ്രദ്ധിക്കുക. ''മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്തശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു'' എന്നു പറയുമ്പോൾ ദുർന്നടപ്പ് എന്നത് അത്യന്തം ഗൗരവമുള്ള പാപമാണെന്നത്രേ പൗലോസ് വ്യക്തമാക്കുന്നത്. അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്നവനെ ദുഷ്ടൻ എന്നു വിളിക്കാൻ പൗലോസ് മടിക്കാത്തതും ഈ കാരണത്താലത്രേ. കർത്താവോ ശിഷ്യൻമാരോ ദുർന്നടപ്പിനെ ലഘുവായി കണ്ടിട്ടില്ല എന്നതും ശ്രദ്ധേയമാണ്. പക്ഷേ ഇക്കാലത്ത് ദുർന്നടപ്പ് ഒരു പാപമേ അല്ലാതായിരിക്കുന്നു. അമ്മായിയമ്മയെ വരെ വ്യഭിചരിച്ച കെ.സി.ജോണിനെ സഭയുടെ പ്രസിഡന്റാക്കാൻ ഐ.പി.സിക്കാർക്ക് ശങ്കയുണ്ടായില്ല. ഈ കഥയൊക്കെ പൊതുജനം അറിഞ്ഞിട്ടും കെ.സി.ജോണിന് ഒരു ഉളുപ്പും തോന്നുന്നുമില്ല. എന്തുകൊണ്ട്? പെന്തക്കോസ്തുകാർക്ക് ദൈവവുമായി ബന്ധമില്ലാതായിരിക്കുന്നു. അവർ സാത്താന്റെ പിടിയിലായിരിക്കുന്നു.

ദുർന്നടപ്പുമൂലമുണ്ടാകുന്ന മറ്റൊരു പ്രശ്നത്തിലേക്കും പൗലോസ് വിരൽ ചൂണ്ടുന്നുണ്ട്. ''വേശ്യയോടു പറ്റിച്ചേരുന്നവൻ അവളുമായി ഏകശരീരമാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ഇരുവരും ഒരു ദേഹമായിത്തീരും എന്നുണ്ടല്ലോ. കർത്താവിനോടു പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവ് ആകുന്നു'' എന്ന് പൗലോസ് പറയുന്നു. ദുർന്നടപ്പ് ആചരിക്കുന്ന പുരുഷനും സ്ത്രീയും ഒരു ശരീരമായിത്തീരുന്നു. ഇത് ഒരു മാർമ്മിക വിഷയമാണ്. ഇതിന്റെ ഗൗരവം എത്രത്തോളമെന്ന് സാത്താന് നന്നായറിയാം. അതുകൊണ്ടാണ് അന്യാരാധനയുള്ള സ്ഥലങ്ങളിൽ ദേവദാസികളെ നിയമിച്ചിരുന്നത്. ആരാധനയ്ക്കായി എത്തുന്ന വ്യക്തികൾ ആരാധനയുടെ ഭാഗമെന്ന നിലയിൽ ഈ ദേവദാസിമാരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നു. അങ്ങനെ ഇരുവരും ഒരു ശരീരമായിത്തീരുന്നു. ദേവദാസിമാരിൽ നിന്നു ദുരാത്മാക്കളെ മറ്റുള്ളവരിലേക്കു കടത്തിവിടാനുള്ള ഏറ്റവും എളുപ്പമുള്ള മാർഗ്ഗമാണിത്.

പെന്തക്കോസ്തിൽ സാത്താൻ ഇന്നു ചെയ്തുകൊണ്ടിരിക്കുന്നതും ഇതുതന്നെ. മറ്റൊരുത്തന്റെ ഭാര്യയും തന്റെ അമ്മയാകാൻ പ്രായമുള്ളവളുമായ ഒരു സ്ത്രീയുമായി കെ.സി.ജോൺ വ്യഭിചാരം ആരംഭിച്ചു. പിന്നീട് ആ സ്ത്രീയുടെ മകളേയും വ്യഭിചരിച്ചു. ഇരുവരേയും ഒപ്പം വച്ചുകൊണ്ടിരിക്കാമെന്ന കണക്കുകൂട്ടലോടെ മകളെ വിവാഹം കഴിച്ചു. പക്ഷേ കണക്കുകൂട്ടൽ തെറ്റി. വിവാഹം കഴിഞ്ഞതോടെ മകൾ അമ്മയുമായി അകന്നു.

ദുർന്നടപ്പിന്റെ ഭൂതം ബാധിച്ച കെ.സി.ജോൺ പിന്നീട് ലോകമെങ്ങും സഞ്ചരിച്ച് വ്യഭിചരിച്ചു. അങ്ങനെ ദുർന്നടപ്പിന്റെ ഈ ഭൂതം അനേകരിലേക്കു പകർന്നു. ഈ സ്ത്രീകളിൽ നിന്ന് അവരുടെ ഭർത്താക്കൻമാർക്കും ഭൂതബാധയുണ്ടാകും. അവരും വ്യഭിചരിക്കും. ഈ പരിപാടി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവം എത്രത്തോളമുണ്ടെന്നറിയാൻ കെ.സി.ജോണിന്റെ ഭാര്യയുടെ കാര്യം മാത്രം പരിശോധിച്ചാൽ മതി. കെ.സി.ജോണിൽ നിന്ന് ദുർന്നടപ്പിന്റെ ഭൂതം ബാധിച്ച ഈ സ്ത്രീ കൊച്ചുമക്കളെ നോക്കി വീട്ടിലിരിക്കേണ്ട സമയത്ത് അസിസ്റ്റന്റ് പാസ്റ്ററുമായി വ്യഭിചരിക്കാൻ പോയി. ഈ സ്ത്രീയിൽ നിന്ന് ദുർന്നടപ്പിന്റെ ഭൂതത്തെ ഏറ്റുവാങ്ങിയ അസിസ്റ്റന്റ് പാസ്റ്റർ സഭയിലുള്ള മറ്റു ചിലരുമായി അവിഹിതബന്ധത്തിലായി. അങ്ങനെ കഥ തുടരുന്നു.

കെ.സി.ജോൺ വെറുമൊരു വ്യഭിചാരിയോ വ്യഭിചാരിയായ പാസ്റ്ററോ മാത്രമല്ല എന്നതും ശ്രദ്ധേയമാണ്. ഇദ്ദേഹം കുറെ വർഷങ്ങളായി ഐ.പി.സിയുടെ നേതൃസ്ഥാനത്തുണ്ട്. ഇപ്പോൾ ജനറൽ പ്രസിഡന്റുമാണ്. സഭാനേതാവെന്ന നിലയിൽ ഇയാൾ നിരവധി ആളുകളുടെ തലയിൽ കൈ വയ്ക്കേണ്ടതായി വരും. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഓർഡിനേഷനാണ്. ഇങ്ങനെ ഇയാൾ കൈ വയ്ക്കുമ്പോൾ ഇയാളിൽ നിന്ന് തങ്ങളിലേക്ക് ശക്തി പ്രവഹിക്കുന്നു എന്നാണ് ജനം കരുതുന്നത്. ആ ശക്തി ഏറ്റു വാങ്ങാനായി അവർ തങ്ങളുടെ ഹൃദയം തുറക്കും. സാത്താൻ ഈ അവസരം ശരിക്കും വിനിയോഗിക്കും. അങ്ങനെ ദുർന്നടപ്പിന്റെ ആത്മാവ് കെ.സി.ജോണിൽ നിന്ന് മറ്റുള്ളവരിലേക്ക് വളരെയെളുപ്പം കടക്കാൻ ഇടയാകുന്നു. ഒരു പ്രസ്ഥാനത്തെ മുഴുവൻ ദുർന്നടപ്പിന്റെ ആത്മാവു നിറഞ്ഞവരാക്കിത്തീർക്കാൻ സാത്താന് ഇതുമൂലം കഴിയുന്നു. ദുർന്നടപ്പുകാരായ നേതാക്കൻമാരുള്ള മറ്റു പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ നടക്കുന്നതും ഇതുതന്നെ. പെന്തക്കോസ്ത് വിശ്വാസികൾക്കും പാസ്റ്റർമാർക്കും വ്യഭിചാരം ഗൗരവമുള്ള വിഷയമായി തോന്നാത്തത് ഇതുകൊണ്ടാണ്.

## എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 9447414608**

## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,
Perumbavoor P.O., Ernakulam Dist. Pin. 683542.
Phone: 0484-3232356. Mob: 9447414608.**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan